VOL NO: 06 | ISSUE 15
www.nerpatham.com
mail@nerpatham.com
2022 APRIL 09 | ₹10

# നേർപഥം

വാരിക

|| മനുഷ്യജീവൻ, ജീവിതം, ലക്ഷ്യം

|| ചേർത്തുപിടിക്കുന്നതിലെ സുരക്ഷിതത്വം

|| ശിയായിസത്തിന്റെ വികൃത വിശ്വാസങ്ങളും സമസ്തയുടെ ആശീർവാദവും

## ചീഫ് ജസ്റ്റിസ് ഓർമിപ്പിക്കുന്നത്

മീനച്ചൂടിൽ തിളച്ചുമറിയുകയാണ് കേരളം. ജലസ്രോതസ്സുകൾ പലതും വറ്റിത്തുടങ്ങി. പ്രളയം കൊണ്ട് പരീക്ഷിക്കപ്പെട്ട ജനത വറുതിയിലേക്ക് എടുത്തെറിയപ്പെടുമോ എന്ന് കണ്ടറിയണം. കൃത്യമായ ജലവിനിയോഗ നയങ്ങൾ രൂപപ്പെടുത്തിയിട്ടില്ല എന്ന് മാത്രമല്ല, സ്രഷ്ടാവ് കനിഞ്ഞ് നൽകിയ അനുഗ്രഹ വർഷത്തിന് നന്ദി കാണിച്ചില്ല എന്നതും ഈ ദുരിതത്തിന് കാരണമായി വിലയിരുത്തേണ്ടതുണ്ട്.



# ജല സംരക്ഷണം സമൂഹ ബാധ്യത

schoolOfQuranJamia

جـامعة الـهـند الإسـلامية
JAMIA AL-HIND AL-ISLAMIYYA

# നല്ല നാളേക്കായ് ഇന്ന് പഠിക്കാം

ക്ലാസുകൾ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് പ്രവേശനം

FOR MORE ENQUIRY +91 8606 788 882

## 2022-23 രജിസ്ട്രേഷൻ ആരംഭിച്ചു



അപേക്ഷകർ
www.schoolofquran.in
എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക

SCHOOL OF Qura'n

Jamia Al-Hind Al-Islamiyya Vadi Al Hikma,
Jamia Campus, Mini Ootty, Oorakam
Malappuram, Kerala, India, PIN 676519
mail@schoolofquran.in
www.schoolofquran.in

0272
നേർപഥം
വാരിക
2022 ഏപ്രിൽ 9
1443 റമദാൻ 7
പുസ്തകം 06 / ലക്കം 15




Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി
10
ജല സംരക്ഷണം
സമൂഹ ബാധ്യത
മുജീബ് ഒട്ടുമ്മൽ



05
മുഖമൊഴി
ചീഫ് ജസ്റ്റിസ് ഓർമിപ്പിക്കുന്നത്

06
ലേഖനം
ക്വുർആൻ വിളിക്കുന്നു...
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

17
കവിത
കന്നിമൂല
സുലൈമാൻ പെരുമുക്ക്

18
ലേഖനം
ശിയായിസത്തിന്റെ
വികൃത വിശ്വാസങ്ങളും
സമസ്തയുടെ ആശീർവാദവും
മൂസ സ്വലാഹി കാര

23
ക്വുർആൻ ദർശനം
അൽഫത്ഹ് (വിജയം)
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

26
ചരിത്രപഥം
തബൂക്കിന് ശേഷം
ഹുസൈൻ സലഫി

30
ലേഖനം
മനുഷ്യജീവൻ
ജീവിതം, ലക്ഷ്യം
മുബാറക് തിരൂർക്കാട്

33
കാഴ്ച
ചേർത്തുപിടിക്കുന്നതിലെ
സുരക്ഷിതത്വം
ഇബ്നു അലി
എടത്തനാട്ടുകര

34
കവിത
നോമ്പടുക്കുമ്പോൾ...
ബഹിയ

# വെള്ളിയാഴ്ചകളിലെ പൊതുപരീക്ഷകൾ മാറ്റി നിശ്ചയിക്കണം: വിസ്ഡം യൂത്ത്

മലപ്പുറം: പ്ലസ്-ടു, എസ്എസ്എൽസി പരീക്ഷകൾ വെള്ളിയാഴ്ചകളിൽ സ്ഥിരമാക്കുന്നത് വിശ്വാസികളായ അധ്യാപകർക്കും വിദ്യാർഥികൾക്കും ജുമുഅയിൽ പങ്കെടുക്കാൻ പ്രയാസം നേരിടുന്നതിനാൽ ദിവസം മാറ്റി നിശ്ചയിക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

പരീക്ഷാ നടപടി ക്രമങ്ങൾ അവസാനിക്കുമ്പോഴേക്ക് ഇൻവിജിലേറ്റർമാർക്കും ഡെപ്യൂട്ടി ചീഫുമാർക്കും വിദ്യാർഥികൾക്കും ജുമുഅ നഷ്ടപ്പെടുകയാണ്. വെള്ളിയാഴ്ചത്തെ ജുമുഅയുടെ സമയം പരിഗണിച്ചുകൊണ്ടാണ് നാളിതുവരെ ഇത്തരം പരീക്ഷാ സമയം നിശ്ചയിച്ചിരുന്നത്. സമീപകാലത്ത് തുടർച്ചയായി അതിന് വിരുദ്ധമായ നടപടികൾ ഏറെ ആശങ്കയുണ്ടാക്കുന്നുണ്ട്. ഇടവേളകളിൽ വരുന്ന അവധി ദിനങ്ങളിൽ വെള്ളിയാഴ്ചയെ ഉൾപെടുത്തിയാൽ ആരാധനകൾക്ക് തടസ്സമാകാതെ പ്രശ്നം നിസ്സാരമായി പരിഹരിക്കാനാകുമെന്നും അതിനായി അധികാരികൾ തയ്യാറാകണമെന്നും സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

പരീക്ഷകൾക്കിടയിൽ വരുന്ന അവധി ദിവസങ്ങളിൽ ഒരു സമുദായത്തിന്റ വിശേഷദിനം എന്ന നിലയിലെങ്കിലും വെള്ളിയാഴ്ചയെ പരിഗണിക്കാമായിരുന്നുവെന്ന് വിസ്ഡം യൂത്ത് സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഭാരവാഹികളായ മുജീബ് ഒട്ടുമ്മൽ, ഒ. മുഹമ്മദ് അൻവർ, ടി.കെ നിഷാദ് സലഫി, അബ്ദുല്ല ഫാസിൽ, ഡോ. നസീഫ് പി.പി, ജംഷീർ സ്വലാഹി, പി.യു സുഹൈൽ, യു. മുഹമ്മദ് മദനി, ഹസൻ അൻസാരി പ്രസംഗിച്ചു.

# വ്രതാനുഷ്ഠാനത്തോടൊപ്പം സഹജീവികളെ ചേർത്തുപിടിക്കുക: വിസ്ഡം യൂത്ത്

കണ്ണൂർ: റമദാൻ സമാഗതമായ സാഹചര്യത്തിൽ വ്രതാനുഷ്ഠാനത്തോടൊപ്പം പ്രയാസപ്പെടുന്നവരെ ചേർത്തുപിടിക്കാനുള്ള ശ്രമങ്ങളുമുണ്ടാകണമെന്ന് വിസ്ഡം യൂത്ത് സംഘടിപ്പിച്ച കണ്ണൂർ ജില്ലാ തർബിയ സംഗമം അഭിപ്രായപ്പെട്ടു.

കൊറോണാ മഹാമാരിയിൽ തൊഴിൽനഷ്ടവും സാമ്പത്തിക മാന്ദ്യവും അനുഭവിക്കുന്ന അനേകായിരങ്ങളുണ്ട്. അതോടൊപ്പം അവശ്യവസ്തുക്കളുടെ വില ദിനംപ്രതി കുതിച്ചുയരുന്നത് കുടുംബങ്ങളുടെ താളംതെറ്റിക്കുകയാണ്. പ്രയാസപ്പെടുന്നവരെ കണ്ടെത്താനും അവരുടെ അനിവാര്യമായ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കാനും സാധിക്കണം.

നിർബന്ധദാനമായ സകാത്ത് നൽകുവാനും ഐച്ഛികദാനങ്ങൾ നൽകുവാനും വിശ്വാസികൾ കൂടുതൽ താൽപര്യം കാണിക്കുന്ന മാസമാണ് റമദാൻ. ഈ മാസത്തിൽ ചെയ്യുന്ന പുണ്യകർമങ്ങൾക്കുള്ള മഹത്തായ പ്രതിഫലം ആഗ്രഹിച്ചുകൊണ്ടാണ് ഇതെല്ലാം ചെയ്യുന്നത്. വ്രതാനുഷ്ഠാനത്തിന്റെ ആത്മാവുൾക്കൊണ്ട ഒരു വിശ്വാസി സമ്പത്തിന്റെ മുമ്പിൽ പടച്ചവന്റെ നിർദേശങ്ങൾ വിസ്മരിക്കുകയില്ല. നിർബന്ധദാനമായ സകാത്ത് കൊടുത്തുവീട്ടാൻ കടപ്പെട്ട സാമ്പത്തികപരിധിയിലെത്തിയിട്ടും അതിനു തയ്യാറാകാതെ പലതരത്തിലുള്ള ന്യായങ്ങൾ നിരത്തുവാൻ അവനു കഴിയില്ല- സംഗമം അഭിപ്രായപ്പെട്ടു.

# ചീഫ് ജസ്റ്റിസ് ഓർമിപ്പിക്കുന്നത്...

പതിനാറാം നൂറ്റാണ്ടുമുതലാണ് ഇന്ത്യയിൽ പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ബ്രിട്ടീഷ് അധിനിവേശത്തിന് തുടക്കം കുറിച്ചത്. ഇന്ത്യയുമായുള്ള വാണിജ്യബന്ധമായിരുന്നു യൂറോപ്യന്മാരുടെ ലക്ഷ്യമെങ്കിലും പരസ്പരം പോരടിച്ചുനിന്നിരുന്ന നാട്ടുരാജ്യങ്ങളെ മുതലെടുത്ത് അവർ ഇന്ത്യയൊട്ടാകെ കോളനികൾ സ്ഥാപിച്ചു. 1857ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കു നേരെയുണ്ടായ കലാപമാണ് യൂറോപ്യൻ അധിനിവേശത്തിനു നേരെ ഇന്ത്യക്കാർ നടത്തിയ പ്രധാന ചെറുത്തുനിൽപ്പ് ശ്രമം. ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരം എന്നറിയപ്പെടുന്ന ഈ കലാപം പക്ഷേ, ബ്രിട്ടീഷ് സൈന്യം അടിച്ചൊതുക്കി. ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും ബ്രിട്ടീഷ് സാമ്രാജ്യത്തിനു കീഴിലുമായി.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ അഹിംസയിൽ അധിഷ്ഠിതമായ ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനം ശക്തി പ്രാപിച്ചു. വർഷങ്ങൾ നീണ്ട സഹന സമരങ്ങൾക്കൊടുവിൽ 1947 ഓഗസ്റ്റ് 15ന് ഇന്ത്യ ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് സ്വതന്ത്രമായി.

പിന്നീട് ഇന്ത്യ ഉയർച്ചയുടെ പടവുകൾ കയറുകയായിരുന്നു. അതിൽ നെഹ്റുവിന്റെ പങ്ക് എടുത്തുപറയേണ്ടതാണ്. മികച്ച ഒരു ഭരണഘടന കഴിവുറ്റവരുടെ കരങ്ങളാൽ വിരചിതമായി. ജനാധിപത്യവും മതനിരപേക്ഷതയും നാടിന്റെ മുഖമുദ്രയായി ലോകമാകെ അറിയപ്പെട്ടു. ജാതി, മത, വർഗ, വർണ, ഭാഷ വിവേചനങ്ങൾക്കതീതമായി എല്ലാവരെയും ഇന്ത്യക്കാർ എന്ന ഏകകത്തിൽ കൂട്ടിയിണക്കാൻ കേന്ദ്രത്തിൽ ഭരണം നടത്തിയവർ പ്രത്യേകം ശ്രദ്ധിച്ചു. അങ്ങനെ നാനാത്വത്തിൽ ഏകത്വം എന്ന ആശയം ഇന്ത്യ ലോകത്തിന് പ്രാവർത്തികമാക്കി കാണിച്ചുകൊടുത്തു.

എന്നാൽ ഇന്ന് അവസ്ഥയാകെ മാറിമറിഞ്ഞിരിക്കുന്നു. എല്ലാ മേഖലകളിലും നാനാത്വത്തെ ഇല്ലാതാക്കാനും 'ഹിന്ദുത്വം' എന്ന ഏകകത്തിൽ പരിമിതപ്പെടുത്താനുമുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഭരണ നേതൃത്വത്തിലിരിക്കുന്നവരിൽ നിന്നുതന്നെ വർഗീയതയുടെ വിഷം വമിച്ചുകൊണ്ടിരിക്കുന്നു. ജാതിയുടെയും മതത്തിന്റെയുമൊക്കെ പേരിൽ ജനങ്ങളിൽ ചേരിതിരിവുണ്ടാക്കുന്നു. പാഠപുസ്തകങ്ങളിൽ പോലും വർഗീയത കുത്തിനിറക്കുന്നു. ചരിത്രത്തിൽ മായം ചേർക്കുന്നു. എന്ത് തിന്നണം, ഏതുവേഷം ധരിക്കണം എന്ന് സ്വയം തീരുമാനിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് ന്യൂനപക്ഷങ്ങളെ തള്ളിവിട്ടുകൊണ്ടിരിക്കുന്നു. ക്രിമിനൽ സംഘങ്ങൾ രാജ്യം ഭരിക്കുന്നവരുടെ ഒത്താശയോടെ കൊന്നും കൊലവിളിച്ചും ന്യൂനപക്ഷങ്ങൾക്കുമേൽ അഴിഞ്ഞാടുന്നു. തെരഞ്ഞെടുപ്പുകളിൽ കൃത്രിമത്വം നടക്കുന്നു. കോടികൾ കൊടുത്ത് ജനപ്രതിനിധികളെ മറുകണ്ടം ചാടിച്ച് ജനാധിപത്യത്തെ പല്ലിളിച്ച് പരിഹസിക്കുന്നു.

ഈ അവസരത്തിൽ രണ്ടുദിവസം മുമ്പ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എൻ.വി രമണ നടത്തിയ പ്രഭാഷണത്തിലെ ചില പരാമർശങ്ങൾ ഏറെ പ്രസക്തമാണ്. സി.ബി.ഐ സ്ഥാപക ദിനത്തോടനുബന്ധിച്ച് നടന്ന 19ാമത് ഡി.പി. കോഹ്ലി സ്മാരക പ്രഭാഷണത്തിൽ അദ്ദേഹം ജനാധിപത്യത്തിന്റെ അനിവാര്യത ഊന്നിപ്പറഞ്ഞതിനോടൊപ്പം ഏകാധിപത്യത്തിന്റെ അപകടം എടുത്തുപറയുകയും ചെയ്തത് ശ്രദ്ധേയമാണ്.

"ഇന്ത്യയെപോലെ വൈജാത്യങ്ങൾ നിറഞ്ഞ ഒരു രാജ്യത്തിന് ജനാധിപത്യമാണ് ഏറ്റവും അനുയോജ്യം. അതിന്റെ സമ്പന്നമായ വൈവിധ്യം ഏകാധിപത്യ ഭരണത്തിൽ അതിജീവിക്കില്ല. ഇത് നമ്മുടെ പരിചയത്തിൽ നിന്ന് തെളിഞ്ഞതാണ്. നമ്മുടെ സമ്പന്നമായ സംസ്കാരവും പാരമ്പര്യവും ബഹുസ്വരതയും ജനാധിപത്യത്തിലൂടെ മാത്രമെ നിലനിൽക്കുകയും ശക്തിപ്പെടുകയും ചെയ്യൂ. ഇന്ത്യക്കാർ സ്വാതന്ത്ര്യത്തെ സ്നേഹിക്കുന്നു. ആ സ്വാതന്ത്ര്യം തട്ടിയെടുക്കാൻ ഉണ്ടാവുന്ന ഏതൊരു ശ്രമവും ജാഗ്രത്തായ നമ്മുടെ പൗരൻമാർ ചെറുത്തുതോൽപിക്കും." ചീഫ് ജസ്റ്റിസിന്റെ ഈ വാക്കുകൾ സമകാലിക ഇന്ത്യയിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

ലേഖനം



# ക്വുർആൻ വിളിക്കുന്നു...

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

എല്ലാവിധ സൗകര്യങ്ങളും ഒരുക്കപ്പെട്ട ഈ ഭൂമിയിൽ പിറന്നുവീണ നാം ചിന്തിക്കാറുണ്ടോ; ഈ ലോകത്തെ സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത അല്ലാഹു നമ്മെ ഒരു ബീജകണത്തിൽനിന്ന് വ്യത്യസ്ത ഘട്ടങ്ങളിലൂടെ മാതാവിന്റെ ഗർഭാശയമെന്ന അതിസങ്കീർണമായ സുരക്ഷിത സംവിധാനത്തിലൂടെയാണ് വളർത്തിയതെന്ന്? അതിനെക്കുറിച്ച് പരാമർശിക്കുന്ന ക്വുർആൻ വചനം വായിച്ചിട്ടുണ്ടോ? പഠിക്കാൻ ശ്രമിച്ചിട്ടുണ്ടോ?

എല്ലാം സംവിധാനിക്കപ്പെട്ട ഭൂമിയിലേക്ക് പിറന്നുവീഴുകയും ഓരോ ഘട്ടത്തിലൂടെ വളർന്ന് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേരുകയും ചെയ്തു. ജീവിതം ഇവിടെ അവസാനിക്കുന്നില്ല, ഇനിയും പല ഘട്ടങ്ങളെയും അഭിമുഖീകരിക്കാനുണ്ട്; മരണം, ക്വബ്ർവാസം, പരലോകം എന്നിങ്ങനെ. ചിന്തിക്കാനും മടങ്ങാനും സമയമായിട്ടുണ്ട് എന്ന് തോന്നുന്ന ഒരു ഹൃദയം അല്ലാഹു താങ്കൾക്ക് നൽകിയില്ലേ? എങ്കിൽ ക്വുർആൻ പറയുന്നത് കാണുക:

''മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ? കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു; നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു'' (അൽഇൻസാൻ: 1,2).

നാമെല്ലാം ആദ്യം പറയപ്പെടാവുന്ന ഒന്നുമല്ലായിരുന്നു. മാതാവിന്റെ ഉദരത്തിലാണ് നമ്മുടെ തുടക്കം. ക്വുർആൻ പറഞ്ഞുതരുന്നത് കാണുക:

''നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു. മൂന്നുതരം അന്ധകാരങ്ങൾക്കുള്ളിൽ, സൃഷ്ടിയുടെ ഒരു ഘട്ടത്തിന് ശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട്. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു, അവനാണ് ആധിപത്യം. അവനല്ലാതെ യാതൊരു ദൈവവുമില്ല. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് (സത്യത്തിൽനിന്ന്) തെറ്റിക്കപ്പെടുന്നത്?'' (അസ്സുമർ:6).

## ഘട്ടങ്ങളിലൂടെ

'ഞാൻ... ഞാൻ' എന്ന് അഹങ്കരിക്കുന്ന മനുഷ്യാ! നീ നീയായി മാറിയ ഘട്ടങ്ങളെക്കുറിച്ച് ക്വുർആൻ പ്രസ്താവിച്ചത് നീ വായിച്ചിട്ടുണ്ടോ? ''തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽനിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു

> **ശൈശവത്തിനും കൗമാരത്തിനും യൗവനത്തിനും യുവത്വത്തിനും ശേഷം ശൈശവത്തിലേത് പോലെയുള്ള വാർധക്യം എന്ന ഘട്ടവും മനുഷ്യനെ ബാധിക്കുന്നു. അതിനെക്കുറിച്ച് നാം ആലോചിക്കാറുണ്ടോ? ക്വുർആൻ പറയുന്നത് എത്ര കൃത്യം: ''നിങ്ങളെ ബലഹീനമായ അവസ്ഥയിൽനിന്നു സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു. പിന്നെ ബലഹീനതയ്ക്കു ശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ അവൻ ശക്തിക്കു ശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവജ്ഞനും സർവശക്തനും'' (അർറൂം: 54). ഇങ്ങനെ നമ്മെ ചിന്തിപ്പിക്കുന്ന രക്ഷിതാവ് ക്വുർആനിലൂടെ നമ്മെ സത്യത്തിലേക്ക് ക്ഷണിക്കുകയാണ്. ആ ക്ഷണം നമ്മൾ ചെവിക്കൊള്ളേണ്ടതില്ലേ?**

ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു. പിന്നീട് തീർച്ചയായും നിങ്ങൾ അതിനു ശേഷം മരിക്കുന്നവരാകുന്നു. പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപിക്കപ്പെടുന്നതാണ്'' (അൽമുഅ്മിനൂൻ: 12-16).

ശൈശവത്തിനും കൗമാരത്തിനും യൗവനത്തിനും യുവത്വത്തിനും ശേഷം ശൈശവത്തിലേത് പോലെയുള്ള വാർധക്യം എന്ന ഘട്ടവും മനുഷ്യനെ ബാധിക്കുന്നു. അതിനെക്കുറിച്ച് നാം ആലോചിക്കാറുണ്ടോ? ക്വുർആൻ പറയുന്നത് എത്ര കൃത്യം:

''നിങ്ങളെ ബലഹീനമായ അവസ്ഥയിൽനിന്നു സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു. പിന്നെ ബലഹീനതയ്ക്കു ശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ അവൻ ശക്തിക്കു ശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവജ്ഞനും സർവശക്തനും'' (അർറൂം: 54).

ഇങ്ങനെ നമ്മെ ചിന്തിപ്പിക്കുന്ന രക്ഷിതാവ് ക്വുർആനിലൂടെ നമ്മെ സത്യത്തിലേക്ക് ക്ഷണിക്കുകയാണ്. ആ ക്ഷണം നമ്മൾ ചെവിക്കൊള്ളേണ്ടതില്ലേ?

## മനുഷ്യർക്കു വേണ്ടി

ഈ ഭൂമിയും അതിന്റെ സംവിധാനങ്ങളും മനുഷ്യർക്കു വേണ്ടിയാണ് അല്ലാഹു സംവിധാനിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു: ''അവനാണ് നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചുതന്നത്. പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചവനും അവൻതന്നെയാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു'' (അൽബക്വറ: 29).

## ലക്ഷ്യത്തിലേക്ക്

മനുഷ്യർക്കു വേണ്ടിയാണ് ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത്. അതുകൊണ്ട്തന്നെ സ്രഷ്ടാവിന്റെ ഇംഗിതത്തിനനുസരിച്ചായിരിക്കണം മനുഷ്യർ പ്രവർത്തിക്കേണ്ടതും ജീവിക്കേണ്ടതും. മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നതിന്റെ ലക്ഷ്യം ക്വുർആൻ പറഞ്ഞുതരുന്നത് കാണുക: ''ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല'' (ദാരിയാത്: 56).

''നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു'' (മുൽക്: 2).

## പ്രവാചകരിലേക്ക്

മനുഷ്യരെ ജീവിതത്തിന്റെ ലക്ഷ്യത്തിലേക്കെത്തിക്കുവാനുള്ള മാർഗവുമായി മുഴുവൻ സമുദായങ്ങളിലേക്കും അല്ലാഹു അവന്റെ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ടെന്ന് ക്വുർആൻ നമ്മോട് പറയുന്നു:

''തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി). എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചുതള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക'' (അന്നഹ്ൽ: 36).

## ദഅ്‌വത്തിലേക്ക്

അല്ലാഹു ഭൂമിയിലേക്ക് നിയോഗിച്ചയച്ച പ്രവാചകരഖിലവും തങ്ങളുടെ ജനതയോട് പറഞ്ഞ കാര്യം അംഗീകരിക്കുവാൻ ക്വുർആൻ മാനവരാശിയെ വിളിക്കുന്നു: ''ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല'' (അൻബിയാഅ്: 25).

''നിങ്ങൾ പറയുക: അല്ലാഹുവിലും അവങ്കൽനിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചുകിട്ടിയതിലും, ഇബ്റാഹീമിനും ഇസ്മാഈലിനും ഇസ്ഹാക്വിനും യഅ്ക്വൂബിനും യഅ്ക്വൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതി

ലും; മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ പ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽനിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന്ന് (അല്ലാഹുവിന്ന്) കീഴ്‌പെട്ട് ജീവിക്കുന്നവരുമാകുന്നു'' (അൽബഖറ: 136). അതെ, പ്രവാചകരുടെ ദഅ്‌വത്തിലേക്കാണ് ക്വുർആൻ വിളിക്കുന്നത്.

## ഇസ്‌ലാമിലേക്ക്

പ്രവാചകരെല്ലാം കൊണ്ടുവരികയും സ്വീകരിക്കുകയും ചെയ്ത മതമായ ഇസ്‌ലാമിലേക്ക് വിളിക്കുന്നു ക്വുർആൻ. അല്ലാഹു പറയുന്നു: ''തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയ ശേഷംതന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്. വല്ലവരും അല്ലാഹുവിന്റെ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു'' (ആലുഇംറാൻ: 19).

''ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും'' (ആലുഇംറാൻ:85).

## വഴി നടത്തുന്നത്

ക്വുർആൻ മനുഷ്യരോട് വിളിച്ചുപറയുന്ന യഥാർഥ സന്മാർഗം ഏതാണെന്ന് മനസ്സിലാക്കിയാൽ മാത്രം പോരാ, മറിച്ച് അത് അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അറിഞ്ഞ സത്യം ഉൾകൊള്ളാനുള്ള മനസ്സും ഉദവിയും അതിപ്രധാനമാണ്. അത് നൽകുന്നത് ഇസ്‌ലാമിനെ മാനവർക്ക് ദാനമായി നൽകിയ അല്ലാഹുവാണ്:

''ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്‌ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്. അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നതുപോലെ. വിശ്വസിക്കാത്തവരുടെ മേൽ അപ്രകാരം അല്ലാഹു ശിക്ഷ ഏർപെടുത്തുന്നു'' (അൽഅൻആം: 125).

## ഏറ്റവും ചൊവ്വായതിലേക്ക്

മനുഷ്യർക്ക് ഏന്തെല്ലാം നന്മകൾ ആവശ്യമുണ്ടോ, ആ നന്മകളിലേക്കെല്ലാം ക്വുർആൻ മനുഷ്യരെ മാടിവിളിക്കുന്നു; അതോടൊപ്പം മനുഷ്യർ ഏതെല്ലാം കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കേണ്ടതുണ്ടോ അവയെത്തൊട്ടെല്ലാം താക്കീതു നൽകുകയും ചെയ്യുന്നു. അങ്ങനെ വിശുദ്ധക്വുർആൻ ഏറ്റവും ചൊവ്വായതിലേക്ക് വഴികാണിക്കുകയും അതിലേക്ക് മാനവരെ വിളിക്കുകയും ചെയ്യുന്നു: ''തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു'' (അൽഇസ്‌റാഅ്: 9).

**മനുഷ്യർക്ക് ഏന്തെല്ലാം നന്മകൾ ആവശ്യമുണ്ടോ, ആ നന്മകളിലേക്കെല്ലാം ക്വുർആൻ മനുഷ്യരെ മാടിവിളിക്കുന്നു; അതോടൊപ്പം മനുഷ്യർ ഏതെല്ലാം കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കേണ്ടതുണ്ടോ അവയെത്തൊട്ടെല്ലാം താക്കീതു നൽകുകയും ചെയ്യുന്നു. അങ്ങനെ വിശുദ്ധക്വുർആൻ ഏറ്റവും ചൊവ്വായതിലേക്ക് വഴി കാണിക്കുകയും അതിലേക്ക് മാനവരെ വിളിക്കുകയും ചെയ്യുന്നു.**

ഇസ്‌ലാമും ക്വുർആനും ജീവിതത്തിന്റെ മുഴുവൻ മേഖലകളിലേക്കും വെളിച്ചം വീശുന്നു: ''എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്‌പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്'' (നഹ്ൽ: 19)

## സമാധാന ഗേഹത്തിലേക്ക്

ക്വുർആനിന്റെ വിളികേട്ട്, അതിനെ ആദർശമായി സ്വീകരിച്ചവർക്ക് അങ്ങേയറ്റത്തെ സമാധാനമാണ് ഇഹലോകത്തും പാരത്രിക ലോകത്തും ലഭിക്കുക. അങ്ങനെയുള്ളവർക്ക് മരണശേഷം നൽകാനായി എല്ലാ അർഥത്തിലുമുള്ള സമാധാനവും ഐശ്വര്യവും അനുഗ്രഹങ്ങളും ഒരുക്കിയ സമാധാന ഗേഹമാണ് സ്വർഗം. ആ സ്വർഗത്തിലേക്കാണ് ക്വുർആൻ മാനവരെ വിളിക്കുന്നത്:

''അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു'' (യൂനുസ്: 25).

''അല്ലാഹുവാകട്ടെ അവന്റെ ഹിതമനുസരിച്ച് സ്വർഗത്തിലേക്കും പാപമോചനത്തിലേക്കുമാണ് നിങ്ങളെ ക്ഷണിക്കുന്നത്. ജനങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കുവാൻ വേണ്ടി തന്റെ തെളിവുകൾ അവർക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യുന്നു'' (അൽബക്വറ: 221).

''തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്നുവെക്കപ്പെട്ട നിലയിൽ അവർ അതിനടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേ

ശിച്ചുകൊള്ളുക'' (അസ്സുമർ: 73).

ക്വുർആൻ മനുഷ്യരെ വിശാലമായ സ്വർഗത്തിലേക്ക് വിളിക്കുകയാണ്: ''നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുൻകടന്നു വരുവിൻ. അതിന്റെ വിസ്താരം ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരം പോലെയാണ്. അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചവർക്കുവേണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു'' (അൽഹദീദ്: 20,21).

### മാനവർ മുഴുവനും

മാനവർ മുഴുവനും സ്വർഗത്തിൽ പ്രവേശിക്കണം. അതിന് ക്വുർആൻ വിശദമാക്കിത്തരുന്ന രൂപത്തിൽ സ്രഷ്ടാവിനെക്കുറിച്ച് പഠിച്ചുമനസ്സിലാക്കി, അവന്റെ ഏകത്വം അംഗീകരിച്ച്, അവനെ മാത്രം ആരാധിക്കേണ്ടതുണ്ട് എന്ന ഏറ്റവും ഉന്നതവും മാനവികവും നീതിയുക്തവുമായ ആശയത്തിലേക്ക് ക്വുർആൻ മാനവരെ വിളിക്കുന്നു:

''(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനുപുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്ത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്നപക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുക'' (ആലുഇംറാൻ: 64).

**ക്വുർആനിനെ അറിയാനും പഠിക്കാനും ക്വുർആനിറങ്ങിയ ഈ വിശുദ്ധ റമദാനിലെങ്കിലും വിശ്വാസികളേ, നാം സമയം കണ്ടെത്തേണ്ടതുണ്ട്. ഓരോ അക്ഷരവും വായിക്കുന്നത് പ്രതിഫലാർഹമായ മറ്റേതു ഗ്രന്ഥമാണുള്ളത്? മനുഷ്യരെ സത്യത്തിലേക്കും സകല നന്മയിലേക്കും വഴിനടത്തുന്ന വേറെ ഏത് ഗ്രന്ഥമാണുള്ളത്? എതിർപ്പുകളും വിമർശനങ്ങളും ആർത്തിരമ്പി വന്നിട്ടും പ്രകാശവേഗത്തിൽ മനുഷ്യരുടെ ഹൃദയങ്ങളെ കീഴടക്കിക്കൊണ്ട് ലോകത്ത് പ്രസരിക്കുന്ന വേറെ ഏത് ഗ്രന്ഥമാണുള്ളത്? ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുകയും മനഃപാഠമാക്കപ്പെടുകയും ആശയങ്ങൾ പ്രാവർത്തികമാക്കപ്പെടുകയും ചെയ്യുന്ന മറ്റേതു ഗ്രന്ഥമുണ്ട്? ഈ ക്വുർആനിന്റെ വിളിക്ക് കാതുകൊടുത്ത് ജീവിതത്തിലൂടെ ഉത്തരം നൽകാൻ നാം തയ്യാറവുക.**

### ഭൗതികതയിൽ മതിമറക്കാതിരിക്കുക

അത്യാധുനിക സൗകര്യങ്ങൾ നാൾക്കുനാൾ വർധിച്ചുകൊണ്ടിരിക്കുന്ന ലോകത്ത് ഭൗതിക സുഖങ്ങളിൽ മതിമറന്ന് പരലോകം മറക്കാതിരിക്കുക. ഭൗതിക സുഖങ്ങൾ നശ്വരമാണ്. അതിനോടുള്ള അത്യാർത്തി മനുഷ്യനെ നാശത്തിലേക്ക് നയിക്കുന്നതുമാണ്. അതാണ് ക്വുർആൻ നമ്മോട് വിളിച്ചുപറയുന്നത്: ''നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്- ഒരു മഴ പോലെ. അതു മൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറംപൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല'' (അൽഹദീദ്: 20).

### സ്വർഗം സ്വയം നിഷിദ്ധമാക്കാതിരിക്കുക

അല്ലാഹുവിന്റെ വിശാലമായ സ്വർഗം അവനിൽ ആരെയെങ്കിലും എന്തിനെയെങ്കിലും പങ്കുചേർത്തു(ശിർക്ക് ചെയ്തു)കൊണ്ട് സ്വയം നിഷിദ്ധമാക്കാതിരിക്കുക എന്ന സുപ്രധാന സന്ദേശത്തിലേക്കും ക്വുർആൻ മാനവരെ വിളിക്കുന്നു: ''അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല'' (അൽമാഇദ: 72).

ക്വുർആനിനെ അറിയാനും പഠിക്കാനും ക്വുർആനിറങ്ങിയ ഈ വിശുദ്ധ റമദാനിലെങ്കിലും വിശ്വാസികളേ, നാം സമയം കണ്ടെത്തേണ്ടതുണ്ട്. ഓരോ അക്ഷരവും വായിക്കുന്നത് പ്രതിഫലാർഹമായ മറ്റേതു ഗ്രന്ഥമാണുള്ളത്? മനുഷ്യരെ സത്യത്തിലേക്കും സകല നന്മയിലേക്കും വഴിനടത്തുന്ന വേറെ ഏത് ഗ്രന്ഥമാണുള്ളത്? എതിർപ്പുകളും വിമർശനങ്ങളും ആർത്തിരമ്പി വന്നിട്ടും പ്രകാശവേഗത്തിൽ മനുഷ്യരുടെ ഹൃദയങ്ങളെ കീഴടക്കിക്കൊണ്ട് ലോകത്ത് പ്രസരിക്കുന്ന വേറെ ഏത് ഗ്രന്ഥമാണുള്ളത്? ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുകയും മനഃപാഠമാക്കപ്പെടുകയും ആശയങ്ങൾ പ്രാവർത്തികമാക്കപ്പെടുകയും ചെയ്യുന്ന മറ്റേതു ഗ്രന്ഥമുണ്ട്? ഈ ക്വുർആനിന്റെ വിളിക്ക് കാതുകൊടുത്ത് ജീവിതത്തിലൂടെ ഉത്തരം നൽകാൻ നാം തയ്യാറാവുക. ■



# ജല സംരക്ഷണം
## സമൂഹ ബാധ്യത

മുജീബ് ഒട്ടുമ്മൽ
:9744431890

**മീനച്ചൂടിൽ തിളച്ചുമറിയുകയാണ് കേരളം. ജലസ്രോതസ്സുകൾ പലതും വറ്റിത്തുടങ്ങി. പ്രളയം കൊണ്ട് പരീക്ഷിക്കപ്പെട്ട ജനത വറുതിയിലേക്ക് എടുത്തെറിയപ്പെടുമോ എന്ന് കണ്ടറിയണം. കൃത്യമായ ജലവിനിയോഗ നയങ്ങൾ രൂപപ്പെടുത്തിയിട്ടില്ല എന്ന് മാത്രമല്ല, സ്രഷ്ടാവ് കനിഞ്ഞ് നൽകിയ അനുഗ്രഹ വർഷത്തിന് നന്ദി കാണിച്ചില്ല എന്നതും ഈ ദുരിതത്തിന് കാരണമായി വിലയിരുത്തേണ്ടതുണ്ട്.**

ലോകപ്രശസ്തമായ വെള്ളച്ചാട്ടം സ്വന്തമായുള്ള നാടാണെങ്കിലും അതിരപ്പിള്ളിയിൽ കുടിവെള്ളം കണികാണാനില്ല. 3 വാർഡുകളിലായി 350ലേറെ കുടുംബങ്ങൾക്കു പൈപ്പിലൂടെ കുടിവെള്ളമെത്തിയിട്ട് 7 മാസമായത്രെ! മുണ്ടോലി പുനരധിവാസ കോളനി, വെറ്റിലപ്പാറ പുനരധിവാസ മേഖല, പിള്ളപ്പാറ പട്ടികവർഗ കോളനി എന്നിവിടങ്ങളിലാണു ജനം കുടിവെള്ള ക്ഷാമത്തിൽ വലയുന്നത്. അതിരപ്പിള്ളി വിനോദസഞ്ചാര കേന്ദ്രത്തിനു സമീപത്തെ റിസോർട്ടുകളിലും ഹോട്ടലുകളിലും വെള്ളക്ഷാമം പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

മുണ്ടോലി കോളനിയിൽ കുടിവെള്ളം മുട്ടിയ 35 വീട്ടുകാർ ഒന്നര കിലോമീറ്റർ അകലെയുള്ള മലയിലെ ഉറവയിൽനിന്നു പൈപ്പിട്ടു കുടിവെള്ളം എത്തിക്കേണ്ട ഗതികേടിലാണ്. ചൂടുകൂടിയതോടെ പകൽസമയത്ത് ഉറവയിലെ വെള്ളം കുറഞ്ഞു. ഇതോടെ രാത്രിയിൽ ഉറക്കമിളച്ചു കാത്തിരുന്ന് ഊഴമനുസരിച്ചു വെള്ളം ശേഖരിക്കേണ്ട അവസ്ഥയിലായി നാട്ടുകാർ. വെള്ളമെത്തിക്കുന്ന പൈപ്പ് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പൊട്ടുന്നതും പതിവാണ്. ഇങ്ങനെ സംഭവിക്കുമ്പോഴെല്ലാം കാട്ടിലൂടെ ഒന്നര കിലോമീറ്റർ സഞ്ചരിച്ചു വെള്ളം തലയിലേറ്റി കൊണ്ടുവരണം. ആഫ്രിക്കയിലെ മനോഹരമായ വിക്ടോറിയ വെള്ളച്ചാട്ടത്തിനരികെ താമസിക്കുന്നവർ അനുഭവിക്കുന്ന ജലക്ഷാമത്തെ അനുസ്മരിപ്പിക്കുംവിധം കേരളത്തിന്റെ ജലദൗർലഭ്യം ഭീതിപ്പെടുത്തുന്നുവെന്ന് വാർത്തകൾ സൂചിപ്പിക്കുന്നു. ജലാടിയന്തിരാവസ്ഥ എന്ന് വിശേഷിപ്പിക്കുന്ന 'ഡേ സീറോ' പ്രഖ്യാപിക്കുമെന്ന ഭീതിയിൽ കഴിയുകയാണ് അവിടത്തെ ജനത.

കിലോമീറ്ററുകൾ താണ്ടി വരണ്ടഭൂമിയിലൂടെ കലവുമേന്തി നടന്നുനീങ്ങുന്നവരുടെ ചിത്രങ്ങൾ നമ്മുടെ കണ്ണുകളിലിന്നും വേദനയാണ്.

'വെള്ളം വെള്ളം സർവത്ര, തുള്ളി കുടിപ്പാനില്ലത്രെ!' എന്ന ആപ്തവാക്യത്തെ അന്വർഥമാക്കുമാറ് 97 ശതമാനവും വെള്ളത്താൽ വലയം ചെയ്യപ്പെട്ട ഭൂമിയിൽ ദാഹജലത്തിനായുള്ള ഓട്ടത്തിനിടയിൽ വാടിത്തളർന്ന ജീവിതങ്ങളും ധാരാളമുണ്ട്.

കേരളത്തിലെ മഹാപ്രളയങ്ങളിൽ കെടുതിയനുഭവിച്ചതിന്റെ ഭീതി ഇപ്പോഴും വിട്ടുമാറിയിട്ടില്ല. എന്നിട്ടും ശുദ്ധജലത്തിനുവേണ്ടി കേഴുന്ന പ്രദേശങ്ങൾ അധികരിച്ച് വരുന്നു. പ്രകൃതിയിലെ വിഭവങ്ങളെ ആവശ്യാനുസരണം ഉപയോഗിക്കുന്നതിനു പകരം അത്യാർത്തിയിൽ ശുദ്ധജല സ്രോതസ്സുകൾ പോലും മലിനമാക്കപ്പെടുന്നവിധം അശ്രദ്ധയിലാണ്ട ജീവിതമാണിന്ന് മനുഷ്യൻ നയിക്കുന്നത്. പരസ്പരം പങ്കുവയ്ക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ജലം ഇന്ന് അമിതോപയോഗത്തിലും ഉപഭോഗത്വരയാലുള്ള മാലിന്യങ്ങളിലും വറ്റിവരണ്ടുണങ്ങുകയാണ്. ജലത്തിന്റെ അമൂല്യതയും പ്രാധാന്യവും തിരിച്ചറിയുമാറ് ശുദ്ധജലം ക്രമേണ കുറഞ്ഞ് വരുന്നതായാണ് വിലയിരുത്തപ്പെടുന്നത്.

**വെള്ളം മഹത്തായ അനുഗ്രഹം**

വെള്ളത്തിൽനിന്നാണ് സർവജീവികളുടെയും ഉത്ഭവം: ''ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?''(ക്വുർആൻ 21:30).

''അവൻതന്നെയാണ് വെള്ളത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും അവനെ രക്തബന്ധമുള്ളവനും വിവാഹബന്ധമുള്ളവനും ആക്കുകയും ചെയ്തിരിക്കുന്നത്. നിന്റെ രക്ഷിതാവ് കഴിവുള്ളവനാകുന്നു'' (ക്വുർആൻ 25:54)

മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ഉപജീവനത്തിനാവശ്യമായ സസ്യലതാദികളും പഴവർഗങ്ങളും ഫലങ്ങളുമെല്ലാം വെള്ളം മുഖേനയാണ് പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു സംവിധാനിച്ചിരിക്കുന്നത്.

''അവനാണ് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നവൻ. എന്നിട്ട് അതുമുഖേന നാം എല്ലാ വസ്തുക്കളുടെയും മുളകൾ പുറത്ത് കൊണ്ടുവരികയും അനന്തരം അതിൽനിന്ന് പച്ചപിടിച്ച ചെടികൾ വളർത്തിക്കൊണ്ട് വരികയും ചെയ്തു. ആ ചെടികളിൽനിന്ന് നാം തിങ്ങിനിറഞ്ഞ ധാന്യം പുറത്ത് വരുത്തുന്നു. ഈന്തപ്പനയിൽനിന്ന് അഥവാ അതിന്റെ കൂമ്പോളയിൽനിന്ന് തൂങ്ങിനിൽക്കുന്ന കുലകൾ പുറത്ത് വരുന്നു. (അപ്രകാരം തന്നെ) മുന്തിരിത്തോട്ടങ്ങളും പരസ്പരം തുല്യത തോന്നുന്നതും എന്നാൽ ഒരുപോലെയല്ലാത്തതുമായ ഒലീവും മാതളവും (നാം ഉൽപാദിപ്പിച്ചു). അവയുടെ കായ്കൾ കായ്ച്ചുവരുന്നതും മൂപ്പെത്തുന്നതും നിങ്ങൾ നോക്കൂ. വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിലെല്ലാം ദൃഷ്ടാന്തങ്ങളുണ്ട്'' (ക്വുർആൻ 6:99).

''നീ കണ്ടില്ലേ; അല്ലാഹു ആകാശത്തുനിന്നും വെള്ളം ചൊരിഞ്ഞു. എന്നിട്ട് അത് മുഖേന വ്യത്യസ്ത വർണങ്ങളുള്ള പഴങ്ങൾ നാം ഉൽപാദിപ്പിച്ചു. പർവതങ്ങളിലുമുണ്ട് വെളുത്തതും ചുവന്നതുമായ നിറഭേദങ്ങളുള്ള പാതകൾ. കറുത്തിരുണ്ടവയുമുണ്ട്'' (ക്വുർആൻ 35:27).

''നീ കണ്ടില്ലേ, അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിയിലെ ഉറവിടങ്ങളിൽ അതവൻ പ്രവേശിപ്പിച്ചു. അനന്തരം അതുമുഖേന വ്യത്യസ്ത വർണങ്ങളിലുള്ള വിള അവൻ ഉൽപാദിപ്പിക്കുന്നു. പിന്നെ

കേരളത്തിലെ മഹാപ്രളയങ്ങളിൽ കെടുതിയനുഭവിച്ചതിന്റെ ഭീതി ഇപ്പോഴും വിട്ടുമാറിയിട്ടില്ല. എന്നിട്ടും ശുദ്ധജലത്തിനുവേണ്ടി കേഴുന്ന പ്രദേശങ്ങൾ അധികരിച്ച് വരുന്നു. പ്രകൃതിയിലെ വിഭവങ്ങളെ ആവശ്യാനുസരണം ഉപയോഗിക്കുന്നതിനു പകരം അത്യാർത്തിയിൽ ശുദ്ധജല സ്രോതസ്സുകൾ പോലും മലിനമാക്കപ്പെടുന്നവിധം അശ്രദ്ധയിലാണ്ട ജീവിതമാണിന്ന് മനുഷ്യൻ നയിക്കുന്നത്. പരസ്പരം പങ്കുവയ്ക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ജലം ഇന്ന് അമിതോപയോഗത്തിലും ഉപഭോഗത്വരയാലുള്ള മാലിന്യങ്ങളിലും വറ്റി വരണ്ടുണങ്ങുകയാണ്.

അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീട് അവൻ അതിനെ വൈക്കോൽത്തുരുമ്പാക്കുന്നു. തീർച്ചയായും അതിൽ ബുദ്ധിമാൻമാർക്ക് ഒരു ഗുണപാഠമുണ്ട്'' (ക്വുർആൻ 39:21).

ശബ്ദത്തെക്കാൾ ഏഴ് ഇരട്ടി വേഗതയുള്ള സൂപ്പർ സോണിക് വിമാനങ്ങളും കോൺകോഡുകളും ഉപയോഗിച്ച് സഞ്ചരിക്കുന്ന ആധുനിക മനുഷ്യന്റ പുരോഗതി വിവരണാതീതമാണ്. അന്യ ഗ്രഹങ്ങളിലേക്ക് വിനോദസഞ്ചാരം നടത്താനും ശൂന്യാകാശത്ത് സ്റ്റാർ ഹോട്ടലുകൾ പണിയാനുമുള്ള അവന്റ ബൗദ്ധിക വികാസങ്ങളിലും സമാനതകളില്ലാത്തവിധം പുരോഗതിയുണ്ടായിട്ടുണ്ട്. എന്നിട്ടും മണ്ണിനും ജീവനുമാവശ്യമായ ജലത്തിന്റെ അതിരൂക്ഷതയെ അതിജയിക്കാനാകുന്നില്ല. ദാഹജലത്തിന്നായി കേഴുന്ന ജീവജാലങ്ങൾക്ക് ആശ നൽകി ആകാശത്ത് ഉരുണ്ടുകൂടുന്ന കാർമേഘപാളികളിൽനിന്ന് മഴ പെയ്തിറങ്ങുമെന്ന പ്രതീക്ഷയിലും ഒരു തുള്ളി പൊഴിക്കാതെ എങ്ങോ പോയ് മറയുന്ന കാർമേഘങ്ങളുടെ ചലനവും മനുഷ്യന്റ നിസ്സഹായവസ്ഥ പറഞ്ഞുതരുന്നു.

പ്രകൃതിയിലെ പ്രതിഭാസങ്ങളെല്ലാംതന്നെ മനുഷ്യനിയന്ത്രണത്തിനതീതമാണ്. ആർത്തലച്ച് പെയ്തിറങ്ങുന്ന പേമാരിയെ തടുക്കാൻ മനുഷ്യൻ അശക്തനാണ്. വരണ്ടുണങ്ങിയ മണ്ണിന് ഈർപ്പം നൽകുവാനും ഒരാൾക്കും സാധ്യവുമല്ല.

അല്ലാഹു പറയുന്നു: ``അവൻ (അല്ലാഹു) ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് താഴ്‌വരകളിലൂടെ അവയുടെ (വലുപ്പത്തിന്റെ) തോത് അനുസരിച്ച് വെള്ളമൊഴുകി'' (ക്വുർആൻ 13:17).

``അവനാണ് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നത്. അതിൽ നിന്നാണ് നിങ്ങളുടെ കുടിനീര്. അതിൽ നിന്നുതന്നെയാണ് നിങ്ങൾ (കാലികളെ) മേയ്ക്കുവാനുള്ള ചെടികളുമുണ്ടാകുന്നത്'' (ക്വുർആൻ 16:10).

``അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതരികയും അത് മൂലം ഭൂമിയെ അത് നിർജീവമായിക്കിടന്നതിന് ശേഷം അവൻ സജീവമാക്കുകയും ചെയ്തു. കേട്ട് മനസ്സിലാക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്''(ക്വുർആൻ 16:65).

``അല്ലാഹു ആകാശത്തുനിന്ന് വെള്ളമിറക്കിയിട്ട് അതുകൊണ്ടാണ് ഭൂമി പച്ചപിടിച്ചതായിത്തീരുന്നത് എന്ന് നീ മനസ്സിലാക്കിയിട്ടില്ലേ? തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു'' (ക്വുർആൻ 22:63).

## ജലസമൃദ്ധി നിലനിർത്താൻ ചില പാഠങ്ങൾ

ജലക്ഷാമം അതിരൂക്ഷമാകുന്നതിന് പല കാരണങ്ങൾ വിസ്തരിക്കുന്നുണ്ട്. മനുഷ്യന്റ കരവിരുതുകളാലുള്ള വികസന പദ്ധതികളിലെ പ്രകൃതിവിരുദ്ധതയും മണ്ണിനോട് ചേരാത്ത ചില ഉൽപന്നങ്ങളുടെ ആധിക്യവും വനനശീകരണവും നഗരവൽകരണവുമെല്ലാം അതിൽ എണ്ണിപ്പറയുന്ന ചില കാരണങ്ങളാണ്.

ജനസാന്ദ്രത കൂടുന്നതിനാൽ വെള്ളത്തിന്റ ഉപയോഗം അധികരിക്കുന്നുവെന്നും അതിനാൽ ജലക്ഷാമം രൂക്ഷമാകുന്നതിന്റ ഒരു കാരണം ജനപ്പെരുപ്പമാണെന്നും വിലയിരുത്തുന്ന 'വർഗശത്രുക്കളു'മുണ്ട്. ജനപെരുപ്പം കൂടിയ രാഷ്ട്രങ്ങളിലെ ജലസമൃദ്ധിയും ജനസാന്ദ്രത കുറഞ്ഞ രാജ്യങ്ങളിലെ വരൾച്ചയും ഇത്തരം കണ്ടെത്തലുകളിൽ അബദ്ധമുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന വസ്തുതയാണ്. എന്നാൽ ജലസമൃദ്ധിക്കായി ദൈവിക മതമായ ഇസ്‌ലാം ചില പാഠങ്ങൾ പകർന്നു നൽകുന്നുണ്ട്. അതിലൊന്ന് യഥാർഥ വിശ്വാസവും സൂക്ഷ്മതാബോധവുമാണ്.

``ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തുനിന്നും ഭൂമിയിൽനിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷേ, അവർ നിഷേധിച്ചുതള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്തു വച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി'' (ക്വുർആൻ 7:96).

> **ശബ്ദത്തെക്കാൾ ഏഴ് ഇരട്ടി വേഗതയുള്ള സൂപ്പർ സോണിക് വിമാനങ്ങളും കോൺകോഡുകളും ഉപയോഗിച്ച് സഞ്ചരിക്കുന്ന ആധുനിക മനുഷ്യന്റ പുരോഗതി വിവരണാതീതമാണ്. അന്യഗ്രഹങ്ങളിലേക്ക് വിനോദസഞ്ചാരം നടത്താനും ശൂന്യാകാശത്ത് സ്റ്റാർ ഹോട്ടലുകൾ പണിയാനുമുള്ള അവന്റ ബൗദ്ധിക വികാസങ്ങളിലും സമാനതകളില്ലാത്തവിധം പുരോഗതിയുണ്ടായിട്ടുണ്ട്. എന്നിട്ടും മണ്ണിനും ജീവനുമാവശ്യമായ ജലത്തിന്റെ അതിരൂക്ഷതയെ അതിജയിക്കാനാകുന്നില്ല. ദാഹജലത്തിന്നായി കേഴുന്ന ജീവജാലങ്ങൾക്ക് ആശ നൽകി ആകാശത്ത് ഉരുണ്ടുകൂടുന്ന കാർമേഘപാളികളിൽനിന്ന് മഴ പെയ്തിറങ്ങുമെന്ന പ്രതീക്ഷയിലും ഒരു തുള്ളി പൊഴിക്കാതെ എങ്ങോ പോയ് മറയുന്ന കാർമേഘങ്ങളുടെ ചലനവും മനുഷ്യന്റ നിസ്സഹായവസ്ഥ പറഞ്ഞുതരുന്നു.**



ഇമാം സഅ്ദി(റഹി) ഈ വചനത്തെ ഇങ്ങനെ വിശദീകരിക്കുന്നു: ''ആ നാടുകളിലുള്ളവർ അവരുടെ വിശ്വാസത്തിൽ സത്യസന്ധത പുലർത്തുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും രഹസ്യമായും പരസ്യമായും സൂക്ഷ്മത പുലർത്തുകയും നിഷിദ്ധങ്ങളിൽനിന്ന് ഒഴിഞ്ഞ് നിൽക്കുകയും ചെയ്തിരുന്നെങ്കിൽ അല്ലാഹു അവരുടെമേൽ ആകാശത്തുനിന്ന് അനുഗ്രഹം വർഷിക്കുമായിരുന്നു. അവരുടെമേൽ മഴ പെയ്യിപ്പിക്കുകയും സസ്യലതാദികൾ മുളപ്പിക്കുകയും ഐശ്വര്യപൂർണമായ ജീവിതം പ്രദാനം ചെയ്യുകയും ചെയ്യുമായിരുന്നു.''

രണ്ടാമത്തേത് മതത്തിൽ നേരെചൊവ്വേ നിലനിൽക്കലാണ്. അല്ലാഹു പറയുന്നു:

''ആ മാർഗത്തിൽ (ഇസ്‌ലാമിൽ) അവർ നേരെ നിലകൊള്ളുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകുന്നതാണ്'' (ക്വുർആൻ 72:16).

''തൗറാത്തും ഇൻജീലും അവർക്ക് അവരുടെ രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ട സന്ദേശങ്ങളും അവർ നേരാംവണ്ണം നിലനിർത്തിയിരുന്നെങ്കിൽ തങ്ങളുടെ മുകൾഭാഗത്തുനിന്നും കാലുകൾക്ക് ചുവട്ടിൽനിന്നും അവർക്ക് ആഹാരം ലഭിക്കുമായിരുന്നു. അവരിൽതന്നെ മിതത്വം പാലിക്കുന്ന ഒരു സമൂഹമുണ്ട്. എന്നാൽ അവരിൽ അധികം പേരുടെയും പ്രവർത്തനങ്ങൾ വളരെ ചീത്ത തന്നെ'' (ക്വുർആൻ 5: 66).

മൂന്നാമത്തേത് പ്രപഞ്ച സ്രഷ്ടാവിനോട് നന്ദിയുള്ളവരാവുക എന്നതാണ്.

ജലം സമൃദ്ധമായുണ്ടെങ്കിലും 97ലധികം ശതമാനവും ഉപ്പുരസം കലർന്നതും ശുചീകരണത്തിനുപയോഗപ്രദമല്ലാത്തതുമാണല്ലോ! പാനം ചെയ്യാനുള്ള ശുദ്ധജലം വളരെ പരിമിതവുമാണ്. ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ് ശുദ്ധജലം. അത് ആവശ്യത്തിന് ലഭ്യമാവുകയെന്നത് വലിയ സൗഭാഗ്യവുമാണ്. ഈ അനുഗ്രഹത്തിന് സ്രഷ്ടാവിനോട് നന്ദികാണിക്കുന്നവനായാൽ സമൃദ്ധിയായി അനുഗ്രഹം ലഭിച്ചുകൊണ്ടിരിക്കുമെന്നതാണ് ഇസ്‌ലാമിക പാഠം. അല്ലാഹു പറയുന്നു:

''നിങ്ങൾ നന്ദി കാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചുതരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)'' (ക്വുർആൻ 14:7).

''ഒരു ജനവിഭാഗത്തിനു താൻ ചെയ്തുകൊടുത്ത അനുഗ്രഹം അവരുടെ സ്വന്തം നിലപാടിൽ അവർ മാറ്റം വരുത്തുന്നതുവരെ അല്ലാഹു മാറ്റിക്കളയുന്നതല്ല എന്നതുകൊണ്ടത്രെ അത്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ് എന്നതുകൊണ്ടും'' (ക്വുർആൻ 8:53).

ഒരിക്കൽ മഴ പെയ്തപ്പോൾ നബി(സ്വ) പറഞ്ഞു: ''ജനങ്ങളിൽ ഒരു വിഭാഗം നന്ദി ചെയ്യുന്നവരും മറ്റു ചിലർ നന്ദികേട് കാണിക്കുന്നവരുമാണ്. അവരിൽ ചിലർ മഴയെക്കുറിച്ച് ഇത് അല്ലാഹുവിന്റെ കാരുണ്യമാണെന്ന് പറയും. മറ്റു ചിലർ രാശി കാരണമാണ് മഴ പെയ്യുന്നതും പറയും.''

അപ്പോൾ, സൂറത്തുൽ വാക്വിഅയിലെ 'അല്ല, നക്ഷത്രങ്ങളുടെ

ജലം സമൃദ്ധമായുണ്ടെങ്കിലും 97ലധികം ശതമാനവും ഉപ്പുരസം കലർന്നതും ശുചീകരണത്തിനുപയോഗപ്രദമല്ലാത്തതുമാണല്ലോ! പാനം ചെയ്യാനുള്ള ശുദ്ധജലം വളരെ പരിമിതവുമാണ്. ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ് ശുദ്ധജലം. അത് ആവശ്യത്തിന് ലഭ്യമാവുകയെന്നത് വലിയ സൗഭാഗ്യവുമാണ്. ഈ അനുഗ്രഹത്തിന് സ്രഷ്ടാവിനോട് നന്ദികാണിക്കുന്നവനായാൽ സമൃദ്ധിയായി അനുഗ്രഹം ലഭിച്ചുകൊണ്ടിരിക്കുമെന്നതാണ് ഇസ്‌ലാമിക പാഠം.

അസ്തമയ സ്ഥാനങ്ങളെക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു' എന്ന സൂക്തം മുതൽ 'സത്യത്തെ നിഷേധിക്കുക എന്നത് നിങ്ങൾ നിങ്ങളുടെ വിഹിതമാക്കുകയാണോ' എന്ന സൂക്തംവരെയുള്ള ഭാഗങ്ങൾ അവതരിക്കുകയുണ്ടായി എന്ന് ഇബ്നു അബ്ബാസ്(റ) രേഖപ്പെടുത്തുന്നു.

### വെള്ളം ശിക്ഷയാകും

അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിച്ചാൽ അല്ലാഹുവിന്റെ ശിക്ഷക്കത് കാരണമാകുമെന്ന് പൂർവകാല സമൂഹങ്ങളുടെ ചരിത്രങ്ങളിൽനിന്ന് മനസ്സിലാക്കാനാകും. വെള്ളം അധികമായി വർഷിച്ചുകൊണ്ടും മഴ ലഭിക്കാതെയും വെള്ളം വറ്റിച്ചുകളഞ്ഞും ഉപ്പുരസമുള്ളതാക്കിയും ശിക്ഷ നൽകിയിട്ടുണ്ട്.

നൂഹ് നബി(അ)യുടെ ജനതയെ അമിതമായ മഴ വർഷിപ്പിച്ചുകൊണ്ട് നശിപ്പിച്ച് കളഞ്ഞു. വിശ്വാസികൾ രക്ഷപ്പെടുകയും ചെയ്തു.

അല്ലാഹു പറയുന്നു: ''അപ്പോൾ കുത്തിച്ചൊരിയുന്ന വെള്ളവും കൊണ്ട് ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നു. ഭൂമിയിൽ നാം ഉറവുകൾ പൊട്ടിക്കുകയും ചെയ്തു. അങ്ങനെ നിർണയിക്കപ്പെട്ടുകഴിഞ്ഞ ഒരു കാര്യത്തിന്നായി വെള്ളം സന്ധിച്ചു'' (ക്വുർആൻ 54:11,12).

സത്യവിശ്വാസികളെ ഭയാനകമായ ശിക്ഷയിൽനിന്ന് അല്ലാഹു രക്ഷപ്പെടുത്തിയശേഷം ഇങ്ങനെ പറഞ്ഞു: ''ഭൂമീ, നിന്റെ വെള്ളം നീ വിഴുങ്ങൂ. ആകാശമേ, മഴ നിർത്തൂ എന്ന് കൽപന നൽകപ്പെട്ടു. വെള്ളം വറ്റുകയും ഉത്തരവ് നിറവേറ്റപ്പെടുകയും ചെയ്തു. അത് (കപ്പൽ) ജൂദി പർവതത്തിനുമേൽ ഉറച്ചുനിൽക്കുകയും ചെയ്തു. അക്രമികളായ ജനതയ്ക്ക് നാശം എന്ന് പറയപ്പെടുകയും ചെയ്തു'' (ക്വുർആൻ 11:44).

**ജനസാന്ദ്രത കൂടുന്നതിനാൽ വെള്ളത്തിന്റ ഉപയോഗം അധികരിക്കുന്നുവെന്നും അതിനാൽ ജലക്ഷാമം രൂക്ഷമാകുന്നതിന്റ ഒരു കാരണം ജനപ്പെരുപ്പമാണെന്നും വിലയിരുത്തുന്ന 'വർഗശത്രുക്കളു'മുണ്ട്. ജനപെരുപ്പം കൂടിയ രാഷ്ട്രങ്ങളിലെ ജലസമൃദ്ധിയും ജനസാന്ദ്രത കുറഞ്ഞ രാജ്യങ്ങളിലെ വരൾച്ചയും ഇത്തരം കണ്ടെത്തലുകളിൽ അബദ്ധമുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന വസ്തുതയാണ്. എന്നാൽ ജലസമൃദ്ധിക്കായി ദൈവിക മതമായ ഇസ്‌ലാം ചില പാഠങ്ങൾ പകർന്നു നൽകുന്നുണ്ട്. അതിലൊന്ന് യഥാർഥ വിശ്വാസവും സൂക്ഷ്മതാബോധവുമാണ്.**

അഹങ്കാരത്താൽ വിശ്വാസികളെ ക്രൂരമായ ശിക്ഷാമുറകൾക്ക് വിധേയമാക്കിയ ധിക്കാരിയായ ഫിർഔനിനെ കടലിൽമുക്കി നശിപ്പിച്ചുകളഞ്ഞതും പാഠമായി ഓർക്കേണ്ടതുണ്ട്.

സമ്പൽ സമൃദ്ധിയിൽ ജീവിച്ചിരുന്ന യമനിലെ സബഅ് ഗോത്രവും ഒരു ദൃഷ്ടാന്തമാണ്. അവർ വെള്ളം അണകെട്ടി ശേഖരിച്ചിരുന്നു. അവർ അനുഭവിക്കുന്ന സമൃദ്ധിക്ക് സ്രഷ്ടാവിനോട് നന്ദിയുള്ളവരാകാൻ കൽപിക്കപ്പെട്ടു. എന്നാൽ അവർ നിഷേധികളും നന്ദികെട്ടവരും ധിക്കാരികളുമായി മാറി. അതിനാൽ അവർക്ക് സംഭവിച്ചതെന്തെന്ന് അല്ലാഹു വിവരിക്കുന്നു:

''തീർച്ചയായും സബഅ് ദേശക്കാർക്ക് തങ്ങളുടെ അധിവാസകേന്ദ്രത്തിൽതന്നെ ദൃഷ്ടാന്തമുണ്ടായിരുന്നു. അതയാത്, വലതുഭാഗത്തും ഇടതുഭാഗത്തുമായി രണ്ടു തോട്ടങ്ങൾ. (അവരോട് പറയപ്പെട്ടു:) നിങ്ങളുടെ രക്ഷിതാവ് തന്ന ഉപജീവനത്തിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും അവനോട് നിങ്ങൾ നന്ദി കാണിക്കുകയും ചെയ്യുക. നല്ലൊരു രാജ്യവും ഏറെ പൊറുക്കുന്ന രക്ഷിതാവും! എന്നാൽ അവർ പിന്തിരിഞ്ഞുകളഞ്ഞു. അപ്പോൾ അണക്കെട്ടിൽനിന്നുള്ള ജലപ്രവാഹത്തെ അവരുടെ നേരെ നാം അയച്ചു. അവരുടെ ആ രണ്ട് തോട്ടങ്ങൾക്ക് പകരം കയ്പുള്ള കായ്കനികളും കാറ്റാടി മരവും അൽപം ചില വാകമരങ്ങളും ഉള്ള രണ്ട് തോട്ടങ്ങൾ നാം അവർക്ക് നൽകുകയും ചെയ്തു. അവർ നന്ദികേട് കാണിച്ചതിന് നാം അവർക്ക് പ്രതിഫലമായി നൽകിയതാണത്. കടുത്ത നന്ദികേട് കാണിക്കുന്നവന്റെ നേരെയല്ലാതെ നാം ശിക്ഷാനടപടി എടുക്കുമോ?'' (ക്വുർആൻ 34:15-17).

### മഴ തടയപ്പെടാനുള്ള കാരണങ്ങൾ

ജനങ്ങൾ അല്ലാഹുവിൽ പങ്കുചേർക്കുകയും നിഷേധികളാവുകയും ചെയ്യുന്നതിലൂടെ ഈ അനുഗ്രഹം തടയപ്പെടും. അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുകയും സകാത്ത് നൽകാതിരിക്കുകയും പാപങ്ങൾ അധികരിക്കുകയും ചെയ്യുന്നതിലൂടെ മഴ തടയപ്പെടും. ജലം രുചിയുള്ളതും ഉപയോഗപ്രദവുമായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. അതിന്റെ രുചിമാറ്റത്തിലൂടെയും ഉപ്പുരസം നൽകിയും അതിനെ



കുന്നു. മരണപ്പെട്ടുപോയവരുടെ പേരിൽ ജലവിതരണ പദ്ധതിയുണ്ടാകുന്നത് പോലും പുണ്യമുള്ള കാര്യമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

ഒരിക്കൽ സഅദ്ബ്‌ന ഉബാദ(റ) നബി(സ്വ)യോട് ചോദിച്ചു: ``പ്രവാചകരേ! ഉമ്മു സഅദ് മരണപ്പെട്ടിരിക്കുന്നു. ഏറ്റവും ശ്രേഷ്ഠമായ ധർമമെന്താകുന്നു?'' പ്രവാചകൻ(സ്വ) പറഞ്ഞു: ``വെള്ളം.'' അപ്പോൾ അദ്ദേഹം കിണർ കുഴിച്ചു. എന്നിട്ട് പറഞ്ഞു: ``ഇത് ഉമ്മു സഅദിനുള്ളതാകുന്നു'' (അബൂദാവൂദ്).

മിണ്ടാപ്രാണികൾക്ക് വെള്ളം കൊടുക്കുന്നതുപോലും ശ്രേഷ്ഠവും പുണ്യമുള്ളതുമാണ്.

അബൂഹുറയ്റ(റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം; നബി(സ്വ) പറഞ്ഞു: ``ഒരിക്കലൊരാൾ ഒരു വഴിയിലൂടെ സഞ്ചരിക്കുമ്പോൾ ശക്തമായ ദാഹമുണ്ടായി. അയാൾ വഴിയരികിൽ കണ്ട ഒരു കിണറ്റിലിറങ്ങുകയും വെള്ളം മതിയാവോളം കുടിക്കുകയും ചെയ്തു. കിണറ്റിൽനിന്ന് പുറത്തിറങ്ങിയപ്പോൾ ദാഹിച്ചുവലഞ്ഞ ഒരു നായ മണ്ണ് കപ്പുന്നത് കണ്ടു. അലിവ് തോന്നിയ അദ്ദേഹം വീണ്ടും കിണറ്റിലിറ

**അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിച്ചാൽ അല്ലാഹുവിന്റെ ശിക്ഷക്കത് കാരണമാകുമെന്ന് പൂർവകാല സമൂഹങ്ങളുടെ ചരിത്രങ്ങളിൽനിന്ന് മനസ്സിലാക്കാനാകും. വെള്ളം അധികമായി വർഷിച്ചുകൊണ്ടും മഴ ലഭിക്കാതെയും വെള്ളം വറ്റിച്ചുകളഞ്ഞും ഉപ്പുരസമുള്ളതാക്കിയും ശിക്ഷ നൽകിയിട്ടുണ്ട്. നൂഹ് നബി(അ)യുടെ ജനതയെ അമിതമായ മഴ വർഷിപ്പിച്ചുകൊണ്ട് നശിപ്പിച്ച് കളഞ്ഞു. വിശ്വാസികൾ രക്ഷപ്പെടുകയും ചെയ്തു.**

ഉപയോഗശൂന്യമാക്കി മനുഷ്യൻ പരീക്ഷിക്കപ്പെടും.

പശ്ചാത്തപിച്ചും പാപമോചനം തേടിയും വ്യക്തിപരമായ പ്രാർഥനകളിലൂടെയും മഴക്ക് വേണ്ടിയുള്ള നമസ്കാരം സംഘടിതമായി നിർവഹിച്ചുമെല്ലാം ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യാനാകും.

### ജല ദുർവിനിയോഗം തടയുക

ഇസ്‌ലാം മിതത്വം ഉൽഘോഷിക്കുന്ന മതമാണ്. അമിതത്വം കാണിക്കുന്നതിനെ നിരുൽസാഹപ്പെടുത്തുകയും അതിന്റെ ഭവിഷത്തിനെക്കുറിച്ച് താക്കീത് നൽകുകയും ചെയ്യുന്നു:

``ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല'' (ക്വുർആൻ 7:31).

``ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ'' (ക്വുർആൻ 25:67).

### മനുഷ്യന്റെ അതിക്രമം

ജലലഭ്യത നഷ്ടപ്പെടുത്തുന്നവിധം മനുഷ്യന്റെ ഇടപെടൽ അതിക്രൂരവും നശീകരണത്തിന് നിദാനവുമാണ്. ജലസ്രോതസ്സുകളെ നശിപ്പിക്കുന്ന പ്രവണത വർധിച്ചുവരികയാണ്. പുഴകളും ആറുകളും കുളങ്ങളുമെല്ലാം പരിചരിക്കുന്നതിൽ സമൂഹം അലസരും അജ്ഞരുമാണ്. ജലസ്രോതസ്സുകളെ മലിനമാക്കിയാണ് കടുംകൈ ചെയ്യുന്നത്. നിർമാണശാലകളിലെ മാലിന്യങ്ങളും പാഴ്‌വസ്തുക്കളുമെല്ലാം പുഴകളിലും മറ്റും തള്ളുകയാണ്. പ്രകൃതിയിലെ ശുദ്ധജല ഉറവകൾപോലും അടച്ചുകളയുന്നു മനുഷ്യർ തള്ളുന്ന മാലിന്യങ്ങൾ. ജനങ്ങൾ ഇതിന്റെ അപകടത്തെക്കുറിച്ച് ബോധവാൻമാരായില്ലെങ്കിൽ വൻദുരന്തമായിരിക്കും സംഭവിക്കുക.

### ആവശ്യക്കാർക്ക് വെള്ളം ദാനംചെയ്യുന്നത് പുണ്യം

ആവശ്യക്കാർക്ക് വെള്ളം നൽകുന്നത് ശ്രേഷ്ഠമായ ദാനധർമമാ

ങ്ങി ഷൂവിൽ വെള്ളംനിറച്ച് ആ നായക്ക് നൽകി ദാഹം ശമിപ്പിച്ചു. അല്ലാഹു അയാൾക്ക് പാപം പൊറുത്തു കൊടുത്തു.'' സ്വഹാബികൾ ചോദിച്ചു: ''പ്രവാചകരേ, ജീവജാലങ്ങളുടെ കാര്യത്തിലും പ്രതിഫലമോ?'' പ്രവാചകൻ (സ്വ) പറഞ്ഞു: ''പച്ചക്കരളുള്ള ഏത് ജീവിയിലും പ്രതിഫലമുണ്ട്'' (ബുഖാരി).

പൊതുകിണർ കുഴിച്ചുനൽകുന്നത് വളരെ പുണ്യമുള്ള കാര്യമാണ്. നബി(സ്വ) പറഞ്ഞു: ''ആരെങ്കിലും ഒരു കിണർ കുഴിക്കുകയും അതിൽനിന്ന് ജീവനുള്ള സൃഷ്ടികളായ ജിന്നോ മനുഷ്യനോ പക്ഷികളോ കുടിക്കുകയും ചെയ്താൽ പരലോകത്ത് അല്ലാഹു അയാൾക്ക് പ്രതിഫലം നൽകും.'' (ഇബ്നു ഖുസൈമ).

**കുടിവെള്ളം തടഞ്ഞുവെക്കുന്നത് പാപം**

ശുദ്ധജലം ആവശ്യക്കാർക്ക് നൽകാതെ തടഞ്ഞുവെക്കുന്നത് വലിയ കുറ്റമായാണ് ഇസ്‌ലാം ഗണിക്കുന്നത്. അത്തരം ആളുകളെ വിചാരണദിവസം അല്ലാഹു പരിഗണിക്കുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷ ലഭിക്കുകയും ചെയ്യും.



ശുദ്ധജലം ആവശ്യക്കാർക്ക് നൽകാതെ തടഞ്ഞുവെക്കുന്നത് വലിയ കുറ്റമായാണ് ഇസ്‌ലാം ഗണിക്കുന്നത്. അത്തരം ആളുകളെ വിചാരണദിവസം അല്ലാഹു പരിഗണിക്കുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷ ലഭിക്കുകയും ചെയ്യും. പ്രവാചകൻ(സ്വ) പറഞ്ഞു: ''മൂന്നുവിഭാഗം ആളുകളെ അല്ലാഹു പരലോകത്ത് നോക്കുകയില്ല, അവരെ സംസ്കരിക്കുകയുമില്ല, അവർക്ക് വേദനാജനകമായ ശിക്ഷയുമുണ്ടായിരിക്കും. അതിലൊരാൾ, വഴിയിൽ വെള്ളം കൊണ്ടനുഗ്രഹിക്കപ്പെടുകയു അത് വഴിയാത്രികർക്ക് നൽകാതിരിക്കുകയും ചെയ്യുന്നവൻ...'' (ബുഖാരി) ആളുകൾക്ക് വെള്ളം നൽകാതെ തടഞ്ഞുവെച്ചയാളോട് അല്ലാഹു പരലോകത്തുവെച്ച് പറയുമത്രെ: 'ഇന്ന് എന്റെ ഔദാര്യം നിനക്ക് ഞാൻ തടഞ്ഞിരിക്കുന്നു. നിന്റെ കരങ്ങളിലുണ്ടായിരുന്നത് മറ്റുള്ളവർക്ക് നീ തടഞ്ഞതുപോലെ' (ബുഖാരി).

പ്രവാചകൻ(സ്വ) പറഞ്ഞു: ''മൂന്നുവിഭാഗം ആളുകളെ അല്ലാഹു പരലോകത്ത് നോക്കുകയില്ല, അവരെ സംസ്കരിക്കുകയുമില്ല, അവർക്ക് വേദനാജനകമായ ശിക്ഷയുമുണ്ടായിരിക്കും. അതിലൊരാൾ, വഴിയിൽ വെള്ളം കൊണ്ടനുഗ്രഹിക്കപ്പെടുകയു അത് വഴിയാത്രികർക്ക് നൽകാതിരിക്കുകയും ചെയ്യുന്നവൻ...'' (ബുഖാരി)

ആളുകൾക്ക് വെള്ളം നൽകാതെ തടഞ്ഞുവെച്ചയാളോട് അല്ലാഹു പരലോകത്തുവെച്ച് പറയുമത്രെ: 'ഇന്ന് എന്റെ ഔദാര്യം നിനക്ക് ഞാൻ തടഞ്ഞിരിക്കുന്നു. നിന്റെ കരങ്ങളിലുണ്ടായിരുന്നത് മറ്റുള്ളവർക്ക് നീ തടഞ്ഞതുപോലെ' (ബുഖാരി).

ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ പ്രവാചകൻ(സ്വ) താക്കീത് നൽകുന്നു: ''കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കരുത്'' (മുസ്‌ലിം). അത്തരമാളുകൾ അഭിശപ്തരാണെന്നും നബി(സ്വ) പറഞ്ഞിട്ടുണ്ട്.

വുദൂഅ്, കുളി എന്നിവയ്ക്ക് പോലും വെള്ളം മിതമായേ ഉപയോഗിക്കാവൂ എന്ന് പ്രവാചകൻ കൽപന നൽകി.

അതിനാൽ ദന്തശുദ്ധി വരുത്തുമ്പോഴും വുദൂഅ് ചെയ്യുമ്പോഴുമെല്ലാം അലസമായി ടാപ്പുകൾ തുറന്നിട്ട് വെള്ളം പാഴാക്കാതിരിക്കാൻ അതീവശ്രദ്ധ പുലർത്തണം. വീടുകളിലും പള്ളികൾ, വിദ്യാലയങ്ങൾ തുടങ്ങിയ പൊതു ഇടങ്ങളിലും മിതമായി വെള്ളമുപയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തമാക്കണം. വാഹനം കഴുകുന്നതുപോലെയുള്ള കാര്യങ്ങളിലും വെള്ളം പാഴാക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**ജലദാനത്തിനുള്ള മാർഗങ്ങൾ**

കിണർ കുഴിക്കുക, കുടിവെള്ള സംഭരണികൾ സജ്ജീകരിക്കുക, പള്ളികളിൽ പൊതുടാപ്പുകൾ സംവിധാനിക്കുക, വാഹനങ്ങളിൽ കുടിവെള്ളം ശേഖരിച്ച് ആവശ്യക്കാർക്കെത്തിച്ച് കൊടുക്കുക, പൊതുസ്ഥലങ്ങളിൽ സൗകര്യപ്പെടുത്തുക... ഇങ്ങനെ പല മാർഗവും സ്വീകരിക്കാനാവും. ജന്തുജാലങ്ങൾക്കും പറവകൾക്കും വെള്ളം ലഭിക്കാൻ സംവിധാനമൊരുക്കി കാരുണ്യം കാണിക്കാം. മഴവെള്ളസംഭരണ സംവിധാനം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഒരുക്കുന്നത് ഏറെ പ്രയോജനപ്രദമാണെന്നതിൽ സംശയമില്ല.



# കന്നിമൂല

സുലൈമാൻ പെരുമുക്ക്

അന്ധവിശ്വാസങ്ങളുടെ
അങ്ങാടിയായ
മലയാളമണ്ണിൽ
അറിവുകളൊക്കെ
ചവറുകളാകുന്നു
'കന്നിമൂല'യിലെത്തുമ്പോൾ!
പണിക്കരും ആശാരിയും
തങ്ങളും ഉസ്താദും
നോക്കി നോക്കി
'ഉത്തമസ്ഥല'ത്തെത്തി
മുത്തംവച്ച്
മംഗളാശംസകളോടെ
ഉയർത്തിയതാണ്
വീടുകളേറെയും!
എന്നിട്ടും
അനുഗ്രഹങ്ങളൊക്കെ
തിളങ്ങി നിൽക്കുന്നത്
അയലത്തെ
ആതുരാലയങ്ങളിലാണ്!
ഏതു കാട്ടുമുക്കിൽ
ആതുരാലയത്തിന്
ആരു കല്ലിട്ടാലും
കൊല്ലം തികയുമ്പോഴേക്കും
പടർന്നു പന്തലിക്കും.

അന്ധവിശ്വാസത്തിന്റെ
അടിമകളും ഉടമകളും
പടിക്കു പുറത്താക്കിയ
'കുരുത്തക്കേടുകൾ'ക്കു
മുകളിലാണ് ഞാൻ
വീടുവച്ചിരിക്കുന്നത്,
എന്നിട്ടും ഇവർക്കൊക്കെ
സംഭവിക്കുന്നതേ
ഈ എനിക്കും
സംഭവിക്കുന്നുള്ളൂ.
പലപ്പോഴും
പലരും കെട്ടിയോളെ
തല്ലുന്നതും
തെറി പറയുന്നതും കേട്ടിട്ടുണ്ട്
പക്ഷേ,
എനിക്കിന്നോളം
എന്റെ പ്രിയതമയെ
'എടീ'യെന്നു വിളിക്കേണ്ട
വിധിപോലും വന്നിട്ടില്ല,
അപ്പോൾ
കന്നിമൂല നോക്കാത്ത
എന്റെ വീടാണു
'ശരിയായ ശരി!'



# ശിയായിസത്തിന്റെ വികൃത വിശ്വാസങ്ങളും സമസ്തയുടെ ആശീർവാദവും

മൂസ സ്വലാഹി കാര
:97473 45768

കളവും ദുഷ്പ്രചാരണവും മുഖേന ഇസ്‌ലാമിനെതിരെ അതിന്റെ വിരോധികൾ പ്രയാണം തുടരുകയാണ്. ദൃഢവിശ്വാസത്തോടെയും പൊള്ളവാദങ്ങളെ തിരിച്ചറിഞ്ഞും പ്രാമാണികമായും അതിനെ പ്രതിരോധിക്കുക എന്നത് വിശ്വാസികളുടെ ബാധ്യതയാണ്. സത്യവും അസത്യവും പ്രാമാണികമായി സമൂഹത്തിൽ വിശദീകരിക്കപ്പെടുന്നത് നിരർഥകാശയങ്ങളുടെ ഒത്താശകർക്ക് ഒട്ടും ദഹിക്കുന്നില്ല. ഇസ്‌ലാമിന്റെ നാശം കൊതിച്ച് വിയർത്തോടുകയാണവർ. മക്കയിലും മദീനയിലും നബി(സ്വ)ക്ക് നേരിടേണ്ടിവന്ന ശത്രുക്കളുടെയും എതിർപ്പുകളുടെയും രൂപപ്പകർപ്പാണ് ലോകത്തുള്ള ശിയാക്കളും അനുബന്ധ കക്ഷികളും അവരുടെ പ്രവർത്തനങ്ങളും.

സത്യത്തിന്റെ വെളിച്ചത്തെ ഊതിക്കെടുത്താൻ തുനിഞ്ഞവർക്ക് ക്വുർആൻ നൽകിയ മറുപടി എന്നെന്നേക്കുമുള്ളതാണ്. അല്ലാഹു പറയുന്നു: ‘‘താൻ ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ അല്ലാഹുവിന്റെപേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ വലിയ അക്രമി ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല. അവർ അവരുടെ വായ കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു. സൻമാർഗവും സത്യമതവുംകൊണ്ട് എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി’’ (ക്വുർആൻ 61:79).

‘ഒരാൾ തൗഹീദിലേക്കും ഇഖ്‌ലാസിലേക്കും ക്ഷണിക്കപ്പെടുമ്പോൾ അല്ലാഹുവിന്റെമേൽ കളവ് കെട്ടിച്ചമക്കുകയും അവന് പങ്കുകാരെയും

**സത്യത്തിന്റെ വെളിച്ചത്തെ ഊതിക്കെടുത്താൻ തുനിഞ്ഞവർക്ക് ക്വുർആൻ നൽകിയ മറുപടി എന്നെന്നേക്കുമുള്ളതാണ്. അല്ലാഹു പറയുന്നു: ''താൻ ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ അല്ലാഹുവിന്റെപേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ വലിയ അക്രമി ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല. അവർ അവരുടെ വായ കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു. സൻമാർഗവും സത്യമതവുംകൊണ്ട് എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി'' (ക്വുർആൻ 61:79).**



സമന്മാരെയും ഉണ്ടാക്കുന്നവനെക്കാൾ വലിയ അക്രമിയായി ആരുമില്ല' എന്നതാണ് ഈ വചനത്തിന്റെ താൽപര്യമെന്ന് ഇബ്‌നു കസീർ(റഹി)പറഞ്ഞിട്ടുണ്ട്.

മരണപ്പെട്ടവരെ ജീവിപ്പിക്കുക എന്ന അല്ലാഹുവിന്റെ മാത്രമായിട്ടുള്ള കഴിവ് ശിയാക്കൾ അവരുടെ ഇമാമുമാർക്കുള്ളതായി വാദിക്കുകയും അവരുടെ അമാനുഷികതയായി അതിനെ കണക്കാക്കുകയും ചെയ്യുന്നു.

കുലൈനിയുടെ 'ഉസ്വൂലുൽ കാഫി,' മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാർ,' അബൂ ജഅ്ഫർ ഫറൂഖിന്റെ 'ബസ്വാഇറുദ്ദറജാത്,' ക്വുതുബുദ്ദീൻ റാവന്തിയുടെ 'അൽഖറാഇജ് വൽ ജറാഇഹ്' എന്നീ ഗ്രന്ഥങ്ങളിൽ അലി(റ)യെ സംബന്ധിച്ച് എഴുതിയത് കാണുക:

'ബനൂ മഖ്‌സൂമിൽപെട്ട ഒരു യുവാവിന്റെ ക്വബ്‌റിന്മേൽ അലി(റ) കാലുകൊണ്ട് ചവിട്ടിയപ്പോൾ അയാൾ ക്വബ്‌റിൽനിന്ന് പുറത്തുവന്നു.' 'ജബാന മക്വ്ബറയിലുള്ളവരെ മുഴുവനായും അദ്ദേഹം ജീവിപ്പിച്ചു.' 'അദ്ദേഹം കല്ലിന്മേൽ അടിച്ചപ്പോൾ നൂറ് ഒട്ടകം പുറത്തുവന്നു.' 'ആദിമരെയും അവസാനക്കാരെയും ജീവിപ്പിക്കണമെന്ന് അബുൽ ഹസൻ അല്ലാഹുന്റെമേൽ സത്യം ചെയ്തിരുന്നെങ്കിൽ അവർ ജീവിക്കും.'

സമസ്തക്കാർ സ്‌നേഹാദരങ്ങളോടെ പ്രദർശിപ്പിക്കുന്ന വ്യാജ ഔലിയാക്കൾക്കും ഇതേ പ്രത്യേകതയുള്ളതായി അവർ അവകാശപ്പെടുന്നു!

''ചില കറാമത്തുകൾ: മരിച്ചവരെ ജീവിപ്പിക്കൽ, മരണാനന്തര സംസാരം, സമുദ്രജലം പിളർന്ന് നിൽക്കുക, ഉറച്ച് കട്ടിയാവുക, അതിന്മേൽ സഞ്ചരിക്കുക, നിർജീവികളുടെ സംസാരം, ഉദ്ദിഷ്ട ഭൂമി കൺമുമ്പിൽ, രോഗികളെ സുഖപ്പെടുത്തൽ'' (സുന്നത്ത് മാസിക/1987 ഡിസംബർ /പേജ് 12).

ഒരിക്കൽ ക്രിസ്തീയ പുരോഹിതൻ പരീക്ഷണാർഥം ശൈഖ് ജീലാനി(റ)യോട് ഇപ്രകാരം വാദിച്ചു: 'ലോകത്ത് ഏറ്റവും ശ്രേഷ്ഠനും ഉന്നതനുമായ മനുഷ്യൻ യേശുദേവനാണ്. അദ്ദേഹം മരിച്ചയാളെ ജീവിപ്പിച്ചിട്ടുണ്ട്. നിങ്ങളുടെ നബി മുഹമ്മദ് അങ്ങനെ ചെയ്തിട്ടില്ലല്ലോ.' ബുദ്ധിമാനായ ശൈഖവർകൾ തിരിച്ചടിച്ചു: 'ഈസാ നബി(അ) അങ്ങനെ ചെയ്തത് അല്ലാഹുവിന്റെ അനുമതികൊണ്ടാണല്ലോ. ആയതു കൊണ്ട് എന്റെ പ്രവാചകനായ മുഹമ്മദ് നബി(സ്വ)യുടെ സമുദായത്തിലെ വെറും ഒരു വ്യക്തി മാത്രമായ ഞാൻ എന്റെ അനുമതികൊണ്ട് മരണപ്പെട്ടവരെ ജീവിപ്പിച്ചാൽ എന്റെ പ്രവാചകനാണ് ലോകത്തിലെ അത്യുന്നത വ്യക്തിയെന്ന് നിങ്ങൾ അംഗീകരിക്കുമോ?' പുരോഹിതൻ സമ്മതിച്ചു. രണ്ടുപേരും കൂടി ശവപ്പറമ്പിലേക്ക് പോയി. ധാരാളം വർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ടുപോയ ഒരു ക്വബ്‌റ് ചൂണ്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു: 'ഇയാളെ ജീവിപ്പിക്കണം.' ഉടൻ ജീലാനി(റ) അദ്ദേഹത്തിന്റെ പേർ വിളിച്ചുകൊണ്ട് പറഞ്ഞു:

വിശ്വാസ കാര്യങ്ങളെ കാര്യമായിക്കാണാതെ ഇത്തരം വികലവാദങ്ങൾ പ്രചരിപ്പിക്കുന്നവർ പൂർവികരുടെ മാർഗം നിരാകരിക്കുക വഴി ശപിക്കപ്പെടുന്നതും പിഴവിലകപ്പെടുന്നതും ഭയന്നുകൊള്ളട്ടെ. അല്ലാഹു പറയുന്നു: ''ആദം സന്തതികളേ, നിങ്ങൾക്ക് എന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചു തന്നുകൊണ്ട് നിങ്ങളിൽനിന്നു തന്നെയുള്ള ദൂതൻമാർ നിങ്ങളുടെ അടുത്ത് വരുന്നപക്ഷം അപ്പോൾ സൂക്ഷ്മത പാലിക്കുകയും നിലപാട് നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാരോ അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. എന്നാൽ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുതള്ളുകയും അവയുടെ നേരെ അഹങ്കാരം നടിക്കുകയും ചെയ്യുന്നതാരോ അവരാണ് നരകാവകാശികൾ. അവർ അതിൽ നിത്യവാസികളായിരിക്കും'' (7:35,36).

തൗഹീദിന്റെ ഇനങ്ങളായി പ്രമാണങ്ങളുടെ വെളിച്ചത്തിൽ പണ്ഡിതന്മാർ പറഞ്ഞ കാര്യങ്ങളെ ശിയാക്കൾ തിരസ്കരിക്കുകയും തൗഹീദുദ്ദാതിയ്യ്, സ്വിഫാതിയ്യ്, അഫ്ആലിയ്യ്, ഇബാദതിയ്യ് എന്നിങ്ങനെ നാല് രീതി അവർ രൂപപ്പെടുത്തുകയും ചെയ്തു. ഖുമൈനി, ശീറാസി എന്നിവരുടെ തഫ്സീറുകളിൽ ഇത് വ്യക്തമാണ്.

ശിയായിസത്തെ അനുഗമിക്കുന്ന സമസ്തക്കാർ യഥാർഥ തൗഹീദിൽനിന്ന് തെറ്റുകയും അതിന്റെ ഇനങ്ങളെ നിഷേധിക്കുകയും വിശ്വാസികളെ അതിന്റെ പേരിൽ ക്രൂശിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതൊന്ന് വായിക്കുക:

''ഇസ്‌ലാമിന്റെ അടിസ്ഥാനത്തിൽ മായം ചേർത്തുകൊണ്ട് വഴിപിഴച്ചുപോയ മുബ്തദിളകൾ അവരുടെ കുഫ്ർ ഫത്‌വ സ്വഹീഹാക്കാൻ തൗഹീദിനെ തൗഹീദുൽ ഉലൂഹിയ്യത്ത്, തൗഹീദുർറുബൂബിയ്യത്ത് എന്നിങ്ങനെ രണ്ടായി വിഭജിക്കുക കൂടി ചെയ്തിട്ടുണ്ട്. അതിന്റെ രത്‌നച്ചുരുക്കം ഇതാണ്; ലോകത്തിന്റെ സ്വതന്ത്രമായി നൽകുക എന്നത് അസംഭവ്യമാണ്. അല്ലാഹു പറയുന്നു: ''നിർജീവമായതിൽനിന്ന് ജീവനുള്ളതിനെ അവൻ പുറത്ത് കൊണ്ടുവരുന്നു. ജീവനുള്ളതിൽനിന്ന് നിർജീവമായതിനെയും അവൻ പുറത്ത് കൊണ്ടുവരുന്നു. ഭൂമിയുടെ നിർജീവാവസ്ഥയ്ക്കുശേഷം അതിന്നവൻ ജീവൻ നൽകുകയും ചെയ്യുന്നു. അതുപോലെത്തന്നെ നിങ്ങളും പുറത്ത് കൊണ്ടുവരപ്പെടും'' (ക്വുർആൻ 30:19).

പ്രവാചകന്മാരിൽ ചിലർക്ക് അവരുടെ കാലഘട്ടത്തിന് അനുയോജ്യമായി നൽകപ്പെട്ട ചില ദൃഷ്ടാന്തങ്ങളുണ്ട്. ഈസാ നബി(അ)യുടെ വാക്കായി അല്ലാഹു പറയുന്നു: ''അല്ലാഹുവിന്റെ അനുവാദപ്രകാരം ജൻമനാ കാഴ്ചയില്ലാത്തവനെയും പാണ്ടുരോഗിയെയും ഞാൻ സുഖപ്പെടുത്തുകയും മരിച്ചവരെ ഞാൻ ജീവിപ്പിക്കുകയും ചെയ്യും''(3:49).

ഇതിനെ മറയാക്കിയാണ് പുരോഹിതന്മാർ സ്വന്തം ഔലിയാക്കൾ അവരുടെ അനുമതിയോടെതന്നെ മരിച്ചവരെ ജീവിപ്പിക്കുമെന്ന് ജൽപിക്കുന്നത്. പ്രവാചകന്മാരെക്കാൾ ഇവരെ മഹാന്മാരായി കണക്കാക്കുകയാണിവർ!

മുഹമ്മദ് നബി(സ്വ) തനിക്ക് ജീവിപ്പിക്കാനും മരിപ്പിക്കാനും കഴിയുമെന്നല്ല പ്രഖ്യാപിച്ചത്. അല്ലാഹു പറയുന്നു: ''പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ, നിങ്ങൾ നേർമാർഗം പ്രാപിക്കാം'' (ക്വുർആൻ 7:158).

'യാ ഫുലാൻ ക്വും ബി ഇദ്നീ.' തൽസമയം ക്വബ്ർ പൊട്ടിപ്പിളർന്ന് അകത്തുള്ളയാൾ പുറത്തുവന്നു'' (രിസാല/1992 ഒക്ടോബർ/പേജ് 13).

''മരിച്ചവരെ ജീവിപ്പിക്കൽ നിരവധി ഔലിയാക്കളിൽനിന്നുണ്ടായ കറാമത്താണ്. ഒരിക്കൽ ശൈഖിന്റെ (അഹ്മദൽബദവി) സന്നിധിയിലേക്ക് തന്റെ മരിച്ച ചെറിയ മകനെയും എടുത്ത് ഒരു സ്ത്രീ കരഞ്ഞുകൊണ്ട് വന്നു പറഞ്ഞു: 'യാ സയ്യിദീ, എന്റെ കുട്ടിയെ നിങ്ങളിൽനിന്നല്ലാതെ എനിക്കറിയില്ല.' അവളെ തടയാൻ അനുയായികൾ ശ്രമിച്ചെങ്കിലും അവർക്കതിന് കഴിഞ്ഞില്ല. അവൾ പറഞ്ഞു: 'അല്ലാഹുവിനെയും റസൂലിനെയും മുൻനിർത്തി ഞാൻ നിങ്ങളിലേക്ക് തവസ്സുലാക്കുന്നു.' ഉടനെ ശൈഖവർകൾ ആ കുട്ടിയിലേക്ക് കൈ നീട്ടി ദുആ ചെയ്തു. ഉടനെത്തന്നെ അല്ലാഹു നബി(സ)യുടെ ബറകത്തിനാലും ശൈഖിന്റെ ദുആയുടെ ബറകത്തിനാലും കുട്ടിയെ ജീവിപ്പിച്ചു'' (ഖസസുൽ ഔലിയാഅ്/ശമീർ മഹ്ളരി നെടിയനാട്/പേജ് 32).

ജീവിപ്പിക്കുക, മരിപ്പിക്കുക എന്നത് അല്ലാഹുവിന്റെ മാത്രം കഴിവും അവകാശവുമാണ്. ആർക്കെങ്കിലൊമൊക്ക അത്

പ്രവാചകന്മാരിൽ ചിലർക്ക് അവരുടെ കാലഘട്ടത്തിന് അനുയോജ്യമായി നൽകപ്പെട്ട ചില ദൃഷ്ടാന്തങ്ങളുണ്ട്. ഈസാ നബി(അ)യുടെ വാക്കായി അല്ലാഹു പറയുന്നു: ''അല്ലാഹുവിന്റെ അനുവാദപ്രകാരം ജൻമനാ കാഴ്ചയില്ലാത്തവനെയും പാണ്ടുരോഗിയെയും ഞാൻ സുഖപ്പെടുത്തുകയും മരിച്ചവരെ ഞാൻ ജീവിപ്പിക്കുകയും ചെയ്യും''(3:49). ഇതിനെ മറയാക്കിയാണ് പുരോഹിതന്മാർ സ്വന്തം ഔലിയാക്കൾ അവരുടെ അനുമതിയോടെതന്നെ മരിച്ചവരെ ജീവിപ്പിക്കുമെന്ന് ജൽപിക്കുന്നത്. പ്രവാചകന്മാരെക്കാൾ ഇവരെ മഹാന്മാരായി കണക്കാക്കുകയാണിവർ!



ഷ്ടാവും പരിപാലകനും ആഹാരദാതാവും അല്ലാഹു മാത്രമാണെന്ന് വിശ്വസിക്കുന്നതിനാണ് തൗഹീദുർറുബൂബിയ്യത്ത് എന്ന് പറയുന്നത്. ആരാധന അല്ലാഹുവിന് മാത്രമാണെന്ന വിശ്വാസത്തെയാണ് തൗഹീദുൽ ഉലൂഹിയ്യത്ത് കൊണ്ടുദ്ദേശിക്കപ്പെടുന്നത്. ആദ്യത്തെ തൗഹീദിനെ ബഹുദൈവാരാധകന്മാരും നിഷേധിച്ചിരുന്നില്ല. പിന്നെ അവർക്കുണ്ടായിരുന്ന തർക്കം തൗഹീദുൽ ഉലൂഹിയ്യത്തിലായിരുന്നു. ഇതത്രെ വഹാബികളുടെ മൗലികമായ തത്ത്വം. ഈ തത്ത്വം മുസ്‌ലിം ലോകത്തിന് സ്വീകാര്യമല്ല. തലയെടുപ്പുള്ള പണ്ഡിതരോ പ്രബോധകരോ അതംഗീകരിക്കുന്നില്ല. ക്വുർആനും സുന്നത്തും തൗഹീദിനെ രണ്ടായി വിഭജിക്കാനുള്ള ശ്രമത്തെ പിന്തുണക്കുന്നില്ല'' (തൗഹീദ് ഒരു സമഗ്ര പഠനം/നെല്ലിക്കുത്ത് / പേജ് 160).

''തൗഹീദുറുബൂബിയ്യത്ത് (സംരക്ഷണ കർതൃത്വത്തിലുള്ള ഏകത്വം) അവർക്കുണ്ടായിരുന്നുവെന്നും തൗഹീദുൽ ഉലൂഹിയ്യത്ത് (ആരാധ്യനാവുന്നതിൽ ഏകത്വം) മാത്രമാണവർ നിഷേധിച്ചിരുന്നതെന്നും ചിലർ വാദിക്കുന്നത് ശരിയല്ല. തൗഹീദിനെ ഇങ്ങനെ രണ്ടായി വിഭജിച്ചതു തന്നെ ഇവരുടെ സ്വയം സൃഷ്ടിയാ ണ്'' (തൗഹീദും ശിർക്കും/നാട്ടിക/പേജ് 30).

അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാർ ഗ്രന്ഥരചന തുടങ്ങിയ ഹിജ്‌റ 150കളിൽതന്നെ ഈ ഇനങ്ങളെ അതിൽ ചേർത്തിട്ടുണ്ട് എന്ന വസ്തുത ഇവർ കണ്ടില്ലെന്നു നടിക്കുകയാണ്.

ഇമാം അബൂഹനീഫ(റഹി) പറഞ്ഞു: ''ഉന്നതനായ അല്ലാഹുവിനെ വിളിക്കേണ്ടത് മുകൾഭാഗത്തേക്കാണ് താഴ്ഭാഗത്തേക്കല്ല. കാരണം താഴ്ഭാഗമെന്നത് ഉലൂഹിയ്യത്തിന്റെയും റുബൂബിയ്യത്തിന്റെയും വിശേഷണവുമായി ഒട്ടും ബന്ധമില്ലാത്തതാണ്'' (ഫിക്വ്ഹുൽ അബ്‌സത്ത്/പേജ് 51).

ഇമാം ഇബ്‌നുബത്ത്വ(റഹി) പറഞ്ഞു: ''അല്ലാഹുവിലുള്ള ഈമാൻ സ്ഥിരപ്പെടുത്താൻ ഒരു സൃഷ്ടിയുടെമേൽ ബാധ്യതയായിട്ടുള്ള വിശ്വാസത്തിന്റെ അടിത്തറ മൂന്ന് കാര്യങ്ങളാണ്. ഒന്ന്, സ്രഷ്ടാവിനെ അംഗീകരിക്കാത്ത നിരീശ്വരവാദികളുമായി വേറിട്ടുനിൽക്കുന്ന, അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിലുള്ള ഒരു അടിമയുടെ വിശ്വാസം. രണ്ട്, സ്രഷ്ടാവിനെ അംഗീകരിക്കുന്നതോടൊപ്പം ആരാധനയിൽ (ഉലൂഹിയ്യത്തിൽ) മറ്റുള്ളവരെ അവന്റെകൂടെ പങ്കുചേർകുന്ന മുശ്‌രിക്കുകളിൽനിന്ന് വേറിട്ട് അവന്റെ ഏകത്വത്തിൽ വിശ്വസിക്കൽ. മൂന്ന്; അറിവ്, കഴിവ്, ജ്ഞാനം എന്നിവ പോലെ തന്റെ ഗ്രന്ഥത്തിൽ അവൻ സ്വയം വിശേഷിപ്പിച്ച, സ്രഷ്ടാവിന് നിർബന്ധമായും ഉണ്ടായിരിക്കേണ്ട അവന്റെ വിശേഷണങ്ങളിൽ വിശ്വസിക്കുക'' (അൽ ഇബാന/പേജ് 693, 694).

ഇമാമുമാരായ ത്വബ്‌രി(റഹി), ത്വഹാവി(റഹി), ക്വുർത്വുബി(റഹി), ഇബ്‌നു തൈമിയ്യ(റഹി), ഇബ്‌നു കസീർ(റ) എന്നിവരെല്ലാം അവരുടെ ഗ്രന്ഥങ്ങളിൽ ഇത് പ്രയോഗിച്ചിട്ടുണ്ട്.

'ഇത്തിഹാദുല്ലാഊത്തി വന്നാസൂത്തി' അഥവാ ദൈവം മനുഷ്യരിൽ അവതരിക്കുമെന്ന ക്രൈസ്തവ ചിന്തയെ ശിയാക്കൾ സ്വന്തം വിശ്വാസമായി ഏറ്റെടുത്ത് അവരുടെ ഇമാമുമാരിൽ; പ്രത്യേകിച്ച് അലി(റ), അബൂ ജഹ്ഫർ എന്നിവരിൽ അല്ലാഹു അവതരിക്കുമെന്ന അവതാരവാദവും എല്ലാം അല്ലാഹുവാണെന്ന അദ്വൈതവാദവും സമൂഹത്തിൽ പ്രചരിപ്പിക്കുന്നു. ചില ഉദാഹരണങ്ങൾ കാണുക:

''അല്ലാഹു ഞങ്ങളെ അവന്റെ വലതുകൈ കൊണ്ട് തടവി. അങ്ങനെ അവന്റെ പ്രകാശം ഞങ്ങളിൽ ഇഴുകിച്ചേർന്നു. അല്ലാഹു ഞങ്ങളിൽ കൂടിച്ചേർന്നു'' (ഉസൂലുൽ കാഫി/കുലൈനി).

''ഞങ്ങൾക്ക് അല്ലാഹുവോടൊപ്പം പല അവസ്ഥകളുമുണ്ട്. ഞങ്ങൾ അവനാണ്; അവൻ ഞങ്ങളുമാണ്'' (ശർഹു സിയാദതിൽ ജാമിഅ് അൽകബീർ/അൽഖൗഇ).

ഇസ്‌ലാമിന്റെ ആത്മാവായ തൗഹീദിനെ ഇങ്ങനെ അപഹസിക്കുന്ന ഇവരുടെ ചുമലിലാണ്

'ഇത്തിഹാദുല്ലാഊത്തി വന്നാസൂത്തി' അഥവാ ദൈവം മനുഷ്യരിൽ അവതരിക്കുമെന്ന ക്രൈസ്തവ ചിന്തയെ ശിയാക്കൾ സ്വന്തം വിശ്വാസമായി ഏറ്റെടുത്ത് അവരുടെ ഇമാമുമാരിൽ; പ്രത്യേകിച്ച് അലി(റ), അബൂ ജഹ്ഫർ എന്നിവരിൽ അല്ലാഹു അവതരിക്കുമെന്ന അവതാരവാദവും എല്ലാം അല്ലാഹുവാണെന്ന അദ്വൈതവാദവും സമൂഹത്തിൽ പ്രചരിപ്പിക്കുന്നു. ചില ഉദാഹരണങ്ങൾ: ''അല്ലാഹു ഞങ്ങളെ അവന്റെ വലതുകൈ കൊണ്ട് തടവി. അങ്ങനെ അവന്റെ പ്രകാശം ഞങ്ങളിൽ ഇഴുകിച്ചേർന്നു. അല്ലാഹു ഞങ്ങളിൽ കൂടിച്ചേർന്നു'' (ഉസൂലുൽ കാഫി/കുലൈനി). ''ഞങ്ങൾക്ക് അല്ലാഹുവോടൊപ്പം പല അവസ്ഥകളുമുണ്ട്. ഞങ്ങൾ അവനാണ്; അവൻ ഞങ്ങളുമാണ്'' (ശർഹു സിയാദതിൽ ജാമിഅ് അൽകബീർ/അൽഖൗഇ).

സമസ്ത പുരോഹിതന്മാരുടെ ഇരിപ്പിടം. സൂഫി ആചാര്യൻ ഇബ്‌നു അറബിയും 'അദ്വൈത സിദ്ധാന്തത്തിന് യുക്തിഭദ്രമായ പുനരാവിഷ്‌കാരം നൽകിയ വ്യക്തി' എന്നറിയപ്പെടുന്ന ശങ്കരാചാര്യരും കൊണ്ടുനടന്ന അദ്വൈതത്തിൽ അവർക്കുള്ള സ്വാധീനം 'വഹ്ദതുൽ വുജൂദിന്റെ പാത' എന്ന ഗ്രന്ഥത്തിന് കെ.വി.എം പന്താവൂർ മുസ്‌ലിയാർ എഴുതിയ വ്യാഖ്യാനത്തിൽ 'ലാഇലാഹ ഇല്ലല്ലാഹു' എന്ന കലിമത്തിനെ വ്യത്യസ്ത തരക്കാർ മനസ്സിലാക്കുന്നതിനെപ്പറ്റി പറഞ്ഞത് വിശദമായിത്തന്നെ നമുക്കൊന്ന് വായിക്കാം:

''സാധാരണക്കാരായ ഒന്നാമത്തെ ദശക്കാർ മനസ്സിലാക്കേണ്ട അർഥം അല്ലാഹു അല്ലാതെ സാക്ഷാൽ ആരാധ്യൻ വേറെ ഇല്ലെന്നു തന്നെ. ഇവിടെ സാക്ഷാൽ ആരാധ്യൻ എന്ന വാക്കിലെ സാക്ഷാൽ എന്ന പദം പ്രാധാന്യമർഹിക്കുന്നു. ആ പദം ചേർത്തില്ലെങ്കിൽ അർഥമാകെ തകിടം മറിയും. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നാകുമല്ലോ അപ്പോൾ അർഥം. സകല ആരാധ്യനും അല്ലാഹുവാണെന്നു അപ്പോൾ ആശയം വന്നുകൂടും. അതുകൊണ്ടാണ് സാക്ഷാൽ ബി, ഹഖ്വിൻ എന്ന ഉപാധി ലഭിച്ചത്. സാക്ഷാൽ ആരാധ്യനെയല്ലാതെ ആരാധിച്ചുകൂടാ എന്നർഥമാണ് കലിമക്ക് തസവ്വുഫിന്റെ ഒന്നാമത്തെ ദശയിൽ! ഈ ദശയിലാണ് സാധാരണക്കാരെല്ലാം സ്ഥിതിചെയ്യുന്നത്. അവർക്കീ അർഥം മാത്രം ഗ്രഹിക്കാനേ തലച്ചോറുള്ളൂ. അതിലപ്പുറം ഗ്രഹിക്കാനവർ വളർന്നിട്ടില്ല.

പിന്നെയും മുന്നേറി അധ്യാത്മയാത്രയുടെ ഒരു മൈൽക്കുറ്റി പിന്നിട്ടവർക്കേ രണ്ടാമത്തേ അർഥം ദഹിക്കൂ. 'ലാ ഇലാഹ ഇല്ലല്ലാഹു' അല്ലാഹു അല്ലാതെ ലക്ഷ്യമില്ല. ജീവിതലക്ഷ്യം ഒന്നു മാത്രം. അതേത്? സുഖിക്കലോ? അല്ല! സമ്പാദിക്കലോ? അല്ല! ദാമ്പത്യമോ? ഏയ്, ഒരിക്കലുമല്ല! സന്താനലബ്ധിയോ? അതുമല്ല! നരകത്തിൽനിന്നു രക്ഷപ്പെടാനുള്ള ശ്രമമോ? അല്ല, അല്ല! സ്വർഗം നേടലോ? അതുമല്ല. പിന്നേ താണ്? അല്ലാഹുവിനെ നേടൽ. അതുമാത്രമാണു ജീവിതലക്ഷ്യം. അതു നേടുന്നതുവരെ വിശ്രമമില്ല. ഇതാണ് രണ്ടാമത്തെ ദശയിലുള്ള പുണ്യാത്മാക്കളുടെ അർഥം. ഇതു ഒന്നാമത്തെ ദശക്കാർക്കു ദഹിക്കില്ല. കാരണം ഈ ഒരു ലക്ഷ്യം മാത്രം വെച്ചു മുന്നേറാൻ അവർക്ക് കരുത്തുവന്നിട്ടില്ല.

രണ്ടാം ദശക്കാർ പിന്നെയും മുന്നേറി മൂന്നാമത്തെ ദശയിലെത്തുമ്പോൾ കലിമയുടെ അർഥം പിന്നെയും മാറുന്നു. 'ലാ ഇലാഹ ഇല്ലല്ലാഹ്' അല്ലാഹു അല്ലാതെ യാതൊന്നുമില്ല! ഇതു ദഹിക്കാൻ മൂന്നാമത്തെ ദശയിലെത്തുക തന്നെ വേണം. കാരണം ഇഹത്തിലും പരത്തിലുമൊക്കെ മഷിയിട്ടു നോക്കിയാലും അല്ലാഹുവിനെയല്ലാതെ കാണുന്നില്ലെന്നു പറഞ്ഞാൽ ആരും ചോദിക്കുക പിന്നെ ഇക്കാണുന്നതൊക്കെ പിണ്ണാക്കാണോ എന്നായിരിക്കും. പിണ്ണാക്കല്ല, കാരണം പിണ്ണാക്കും ഇല്ല. ഉള്ളതു സത്യത്തിൽ അല്ലാഹു മാത്രം. പിണ്ണാക്കായി നാം കാണുന്നതും പിണ്ണാക്കല്ല. അല്ലാഹുവിന്റെ ചൈതന്യമാണ്. ഞാനും നിങ്ങളുമടക്കം സകല പ്രപഞ്ചങ്ങളും അല്ലാഹുവിന്റെ ചൈതന്യങ്ങൾ മാത്രം. അവയൊന്നും ഇല്ല. ഉള്ളതു അല്ലാഹു മാത്രം. 'ലാ മൗജൂദ ഇല്ലല്ലാഹ്' അല്ലാഹു അല്ലാതെ യാതൊന്നുമില്ല. ഇതാണ് സമ്പൂർണ മനുഷ്യരുടെ തൗഹീദ്. കലിമയുടെ സാക്ഷാൽ ആശയവും ഇതു തന്നെ. ശൈഖ് ബീരാൻ ഔലിയുപ്പയുടെ ദിക്ർ ഓർക്കുക.

ലാ കണ്ണ ഇല്ലല്ലാഹ്, ലാ മൂക്ക ഇല്ലല്ലാഹ്

ലാ ലിസാന ഇല്ലല്ലാഹ്, ലാ കല്ല ഇല്ലല്ലാഹ്

ലാ പല്ല ഇല്ലല്ലാഹ്, ലാ മുള്ള ഇല്ലല്ലാഹ്

ലാ മൗജൂദ ഇല്ലല്ലാഹ്, ലാ ഇലാഹ ഇല്ലല്ലാഹ്

കണ്ണും മൂക്കും നാവും പല്ലും കല്ലും മുള്ളുമൊന്നുമില്ല, ഉള്ളത് അല്ലാഹു മാത്രം'' (പേജ് 34-36).

സമസ്തക്കാർ സാധാരണ ചൊല്ലാറുള്ള രിഫാഈ റാത്തീബിലെ ഒരു ദിക്ർ ഇങ്ങനെയാണ്:

'ഹു അല്ലാഹ് ഹു ഹു അല്ലാഹ്

ഹാ, ഹീ, ഹു, ഹും അല്ലാഹ്

അറിയുവിൻ അവളും അവനും അവരും ആരും തന്നെയില്ല, ഉള്ളത് അല്ലാഹു മാത്രം.'

ഇസ്‌ലാമിന്റെ ആദർശത്തെ വികലമായി ചിത്രീകരിക്കുന്ന, സത്യസന്ധമായ വിശ്വാസത്തിൽനിന്നും ജനങ്ങളെ അകറ്റുന്ന, സമൂഹത്തെ വഞ്ചിക്കുന്ന ഇത്തരം വിശ്വാസങ്ങളിലൂടെ അല്ലാഹുവിന് യാതൊരു കുറവും വരുത്താൻ പുരോഹിതന്മാർക്ക് കഴിയില്ല.

അല്ലാഹു പറയുന്നു: ''അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു'' (39:67). ■


**ഇസ്‌ലാമിന്റെ ആദർശത്തെ വികലമായി ചിത്രീകരിക്കുന്ന, സത്യസന്ധമായ വിശ്വാസത്തിൽനിന്നും ജനങ്ങളെ അകറ്റുന്ന, സമൂഹത്തെ വഞ്ചിക്കുന്ന വിശ്വാസങ്ങളിലൂടെ അല്ലാഹുവിന് യാതൊരു കുറവും വരുത്താൻ പുരോഹിതന്മാർക്ക് കഴിയില്ല. അല്ലാഹു പറയുന്നു: ''അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു''**
(39:67).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 48

# അൽഫത്ഹ്
# (വിജയം)

(മദീനയിൽ അവതരിച്ചത്)

وَعَدَكُمُ ٱللَّهُ مَغَانِمَ كَثِيرَةً تَأْخُذُونَهَا فَعَجَّلَ لَكُمْ هَٰذِهِۦ وَكَفَّ أَيْدِىَ ٱلنَّاسِ عَنكُمْ وَلِتَكُونَ ءَايَةً لِّلْمُؤْمِنِينَ وَيَهْدِيَكُمْ صِرَٰطًا مُّسْتَقِيمًا ﴿٢٠﴾

وَأُخْرَىٰ لَمْ تَقْدِرُوا۟ عَلَيْهَا قَدْ أَحَاطَ ٱللَّهُ بِهَا ۚ وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرًا ﴿٢١﴾

وَلَوْ قَٰتَلَكُمُ ٱلَّذِينَ كَفَرُوا۟ لَوَلَّوُا۟ ٱلْأَدْبَٰرَ ثُمَّ لَا يَجِدُونَ وَلِيًّا وَلَا نَصِيرًا ﴿٢٢﴾

سُنَّةَ ٱللَّهِ ٱلَّتِى قَدْ خَلَتْ مِن قَبْلُ ۖ وَلَن تَجِدَ لِسُنَّةِ ٱللَّهِ تَبْدِيلًا ﴿٢٣﴾

20. നിങ്ങൾക്കു പിടിച്ചെടുക്കാവുന്ന ധാരാളം സമരാർജിത സ്വത്തുക്കൾ അല്ലാഹു നിങ്ങൾക്ക് വാഗ്ദാനം നൽകിയിരിക്കുന്നു. എന്നാൽ ഇത് (ഖൈബറിലെ സമരാർജിതസ്വത്ത്) അവൻ നിങ്ങൾക്ക് നേരത്തെ തന്നെ തന്നിരിക്കുകയാണ്. ജനങ്ങളുടെ കൈകളെ നിങ്ങളിൽനിന്ന് അവൻ തടയുകയും ചെയ്തിരിക്കുന്നു. സത്യവിശ്വാസികൾക്ക് അതൊരു ദൃഷ്ടാന്തമായിരിക്കുവാനും നേരായ പാതയിലേക്ക് നിങ്ങളെ അവൻ നയിക്കുവാനും വേണ്ടി.

21. നിങ്ങൾക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത മറ്റു നേട്ടങ്ങളും (അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു). അല്ലാഹു അവരെ വലയം ചെയ്തിരിക്കുകയാണ്. അല്ലാഹു ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു.

22. ആ സത്യനിഷേധികൾ നിങ്ങളോട് യുദ്ധത്തിൽ ഏർപെട്ടിരുന്നെങ്കിൽതന്നെ അവർ പിന്തിരിഞ്ഞ് ഓടുമായിരുന്നു. പിന്നീട് ഒരു സംരക്ഷകനെയോ സഹായിയെയോ അവർ കണ്ടെത്തുകയുമില്ല.

23. മുമ്പുമുതലേ കഴിഞ്ഞുപോന്നിട്ടുള്ള അല്ലാഹുവിന്റെ നടപടിക്രമമാകുന്നു അത്. അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു ഭേദഗതിയും നീ കണ്ടെത്തുകയില്ല.

24. അവർക്ക് (ശത്രുക്കൾക്ക്) എതിരിൽ നിങ്ങൾക്ക് വിജയം നൽകിയതിന് ശേഷം അവനാകുന്നു മക്കയുടെ ഉള്ളിൽവെച്ച് അവരുടെ കൈകൾ നിങ്ങളിൽനിന്നും നിങ്ങളുടെ കൈകൾ അവരിൽനിന്നും തടഞ്ഞുനിർത്തിയത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

25. സത്യത്തെ നിഷേധിക്കുകയും, മസ്ജിദുൽ ഹറാമിൽനിന്ന് നിങ്ങളെ തടയുകയും, ബലിമൃഗങ്ങളെ അവയുടെ നിശ്ചിത സ്ഥാനത്തെത്താൻ അനുവദിക്കാത്ത നിലയിൽ തടഞ്ഞുനിർത്തുകയും ചെയ്തവരാകുന്നു അവർ. നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത സത്യവിശ്വാസികളായ ചില പുരുഷന്മാരെയും സത്യവിശ്വാസിനികളായ ചില സ്ത്രീകളെയും നിങ്ങൾ ചവിട്ടിത്തേക്കുകയും, എന്നിട്ട് (നിങ്ങൾ) അറിയാതെ തന്നെ അവർ നിമിത്തം നിങ്ങൾക്ക് പാപം വന്നുഭവിക്കാൻ ഇടയാവുകയും ചെയ്യില്ലായിരുന്നെങ്കിൽ (അല്ലാഹു നിങ്ങളെ ഇരുവിഭാഗത്തെയും യുദ്ധത്തിൽനിന്ന് തടയുമായിരുന്നില്ല). അല്ലാഹു തന്റെ കാരുണ്യത്തിൽ താൻ ഉദ്ദേശിക്കുന്നവരെ ഉൾപെടുത്തേണ്ടതിനായിട്ടാകുന്നു അത്. അവർ (മക്കയിലെ വിശ്വാസികളും സത്യനിഷേധികളും) വേറിട്ടായിരുന്നു താമസിച്ചിരുന്നതെങ്കിൽ അവരിലെ സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷ നാം നൽകുകതന്നെ ചെയ്യുമായിരുന്നു.

وَهُوَ ٱلَّذِى كَفَّ أَيْدِيَهُمْ عَنكُمْ وَأَيْدِيَكُمْ عَنْهُم
بِبَطْنِ مَكَّةَ مِنۢ بَعْدِ أَنْ أَظْفَرَكُمْ عَلَيْهِمْ ۚ وَكَانَ
ٱللَّهُ بِمَا تَعْمَلُونَ بَصِيرًا ﴿٢٤﴾

هُمُ ٱلَّذِينَ كَفَرُوا۟ وَصَدُّوكُمْ عَنِ
ٱلْمَسْجِدِ ٱلْحَرَامِ وَٱلْهَدْىَ مَعْكُوفًا أَن يَبْلُغَ
مَحِلَّهُۥ ۚ وَلَوْلَا رِجَالٌ مُّؤْمِنُونَ وَنِسَآءٌ مُّؤْمِنَٰتٌ لَّمْ
تَعْلَمُوهُمْ أَن تَطَـُٔوهُمْ فَتُصِيبَكُم مِّنْهُم مَّعَرَّةٌۢ
بِغَيْرِ عِلْمٍ ۖ لِّيُدْخِلَ ٱللَّهُ فِى رَحْمَتِهِۦ مَن يَشَآءُ ۚ
لَوْ تَزَيَّلُوا۟ لَعَذَّبْنَا ٱلَّذِينَ كَفَرُوا۟ مِنْهُمْ
عَذَابًا أَلِيمًا ﴿٢٥﴾

**20.** (നിങ്ങൾക്ക് പിടിച്ചെടുക്കാവുന്ന ധാരാളം സമരാർജിത സ്വത്തുക്കൾ അല്ലാഹു നിങ്ങൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു) ഉയിർത്തെഴുന്നേൽപുനാളുവരെ മുസ്‌ലിംകൾക്ക് യുദ്ധാർജിതസ്വത്തായി ലഭിക്കുന്ന മുഴുവൻ സമ്പത്തും ഇതിൽപെടും. (എന്നാൽ ഇത് അവൻ നിങ്ങൾക്ക് നേരത്തെത്തന്നെ തന്നിരിക്കുകയാണ്). അതായത്, ഖൈബറിലെ സമരാർജിത സ്വത്ത്. എന്നാൽ നിങ്ങൾ അത് മാത്രം കണക്കാക്കേണ്ടതില്ല. ധാരാളം സമരാർജിതസ്വത്തുക്കൾ വേറെയും തുടർന്ന് നിങ്ങൾക്ക് ലഭിക്കും. അതിനാൽ നിങ്ങൾ അല്ലാഹുവിനെ സ്തുതിക്കുക; അവൻ തടഞ്ഞതിന്. (ജനങ്ങളുടെ കൈകളെ) നിങ്ങളോട് യുദ്ധം ചെയ്യാൻ ഏറെ തൽപരരും ശക്തരുമായവരുടെ. (നിങ്ങളിൽ നിന്ന്) അത് നിങ്ങൾക്കൊരു ആശ്വാസവും അനുഗ്രഹവുമാണ്. (അതായിത്തീരാനും) ഈ സമരാർജിത സ്വത്ത്. (സത്യവിശ്വാസികൾക്കൊരു ദൃഷ്ടാന്തം) അല്ലാഹു പറയുന്നത് സത്യമാണെന്നതിനും അവന്റെ വാഗ്ദത്തം പുലരുമെന്നതിനും സത്യവിശ്വാസികൾക്ക് പ്രതിഫലമുണ്ടെന്നതിനും ഇത് തെളിവുകൂടിയാണ്. ഇതിന് സാധിച്ചവന് മറ്റു പലതും കഴിയുകതന്നെ ചെയ്യും. (അവൻ നിങ്ങളെ നയിക്കുവാനും) അതിനുള്ള കാരണങ്ങൾ നിങ്ങൾക്ക് നിശ്ചയിച്ചുതരാൻ. (നേരായ പാതയിലേക്ക്) അറിവിലും വിശ്വാസത്തിലും കർമങ്ങളിലും.

**21.** (മറ്റു നേട്ടങ്ങളും) വേറെയും യുദ്ധാർജിത സ്വത്ത് അവൻ വീണ്ടും വാഗ്ദത്തം ചെയ്യുന്നു. (നിങ്ങൾക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത) ഇത് പറയുന്ന സന്ദർഭത്തിൽ. (അല്ലാഹു അവയെ വലയം ചെയ്തിരിക്കുകയാണ്) അവനതിന് കഴിയും. എല്ലാം അവന്റെ അധികാരത്തിലും നിയന്ത്രണത്തിലുമാണ്. നിങ്ങളോടവൻ വാഗ്ദത്തം ചെയ്തിട്ടുണ്ട്. അവൻ കരാർ ചെയ്തത് നടക്കാതിരിക്കില്ല; അതിനുള്ള പൂർണ ശക്തി അവനുള്ളതിനാൽ. അതാണ് അവൻ പറഞ്ഞത്: (അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു).

**22.** അവിശ്വാസികളായ ശത്രുക്കൾക്കെതിരെ

വിശ്വാസികളായ തന്റെ അടിമകളെ അല്ലാഹു സഹായിക്കും എന്ന സന്തോഷവാർത്തയാണിത്; അവരെ നേരിടുമ്പോഴും യുദ്ധം ചെയ്യുമ്പോഴും. (അവർ പിന്തിരിഞ്ഞോടുമായിരുന്നു. പിന്നീട് ഒരു സംരക്ഷകനെ അവർ കണ്ടെത്തുകയുമില്ല) അവരെ ഏറ്റെടുക്കാവുന്ന, (ഒരു സഹായിയെയും) യുദ്ധത്തിൽ അവരെ സഹായിക്കുയും പിന്തുണക്കുകയും ചെയ്യുന്ന, മരിച്ചവർ കയ്യൊഴിക്കപ്പെടുന്നവരും പരാജിതരുമായിരിക്കും.

**23.** മുൻ സമുദായങ്ങളിൽ അല്ലാഹുവിന്റെ നടപടിക്രമങ്ങളും ഇതാണ്. അല്ലാഹുവിന്റെ സൈന്യം വിജയിക്കുന്നവരാണ്. (അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു ഭേദഗതിയും നീ കണ്ടെത്തുകയില്ല).

**24.** സത്യനിഷേധികളുടെ ഉപദ്രവങ്ങളിൽനിന്നും യുദ്ധത്തിൽനിന്നും തന്റെ അടിമക്ക് സൗഖ്യം നൽകുമെന്നത് അല്ലാഹു ഇവിടെ അനുഗ്രഹമായി എടുത്തുപറയുന്നു. (അവരുടെ കൈകളെ തടഞ്ഞവൻ) മക്കക്കാരുടെ, (നിങ്ങൾക്ക് വിജയം നൽകിയതിനുശേഷം മക്കയുടെ ഉള്ളിൽവെച്ച് അവരുടെ കൈകളെ നിങ്ങളിൽനിന്നും) അവരെ പരാജയപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞതിനുശേഷം ഉടമ്പടികളോ കരാറുകളോ ഒന്നും ഇല്ലാതെതന്നെ അവർ നിങ്ങളുടെ അധികാരത്തിൻ കീഴിലായി. അവർ ഏകദേശം എൺപതോളം ആളുകളുണ്ടായിരുന്നു. മുസ്‌ലിംകളെ വഞ്ചിക്കുവാൻവേണ്ടി അവരിറങ്ങി. മുസ്‌ലിംകൾ സജ്ജരാണെന്നവർ കണ്ടു. അപ്പോൾ അവർ യുദ്ധം ചെയ്യാതെ അവരെ വിട്ടു. അവർ യുദ്ധം ചെയ്യാതിരുന്നത് സത്യവിശ്വാസികൾക്ക് അല്ലാഹുവിന്റെ അടുക്കൽനിന്നുള്ള ഒരു കാരുണ്യമായിരുന്നു. (അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു) പ്രവർത്തിക്കുന്നവർക്കെല്ലാം അവരുടെ പ്രവർത്തനത്തിനനുസരിച്ച് അവൻ പ്രതിഫലം നൽകും. സത്യവിശ്വാസികളേ, അല്ലാഹു അവന്റെ ഏറ്റവും നല്ല സംരക്ഷണം നിങ്ങൾക്ക് നൽകും.

**25.** മുശ്‌രിക്കുകൾക്കെതിരെ യുദ്ധത്തിന് പ്രേരണയാകുന്ന ചില കാര്യങ്ങളാണ് തുടർന്ന് അല്ലാഹു പറയുന്നത്. അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിക്കുകയും ഹജ്ജും ഉംറയും നിർവഹിച്ചുകൊണ്ട് ബൈതുൽഹറാമിനെ ആദരിക്കാൻ വരുന്ന പ്രവാചകനെയും കൂടെയുള്ള വിശ്വാസികളെയും തടയുകയും ചെയ്തു. ബലിമൃഗത്തെയും അവർ തടഞ്ഞു, (തടഞ്ഞുനിർത്തുകയും) അവയുടെ നിശ്ചിത സ്ഥാനത്തെത്താത്ത നിലയിൽ. മക്കയിൽവെച്ച് അതിനെ അറുക്കുന്നസ്ഥലം; ഉംറക്ക് ബലിയറുക്കുന്നതിന്റെ ഭാഗമായി. അക്രമപരമായും ശത്രുതാപരമായും അവരതിനെ എത്താനനുവദിച്ചില്ല. ഇതെല്ലാം അവരുമായി യുദ്ധം ചെയ്യേണ്ടിവന്നതിന്റെ നിർബന്ധ കാരണങ്ങളാണ്. മറ്റൊരു തടസ്സംകൂടിയുണ്ട്. മുശ്‌രിക്കുകളുടെ അടുക്കൽ ചില വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും കാണുകയുണ്ടായി. ഉപദ്രവം ഏൽക്കപ്പെടാത്ത ഒരവസ്ഥയിലായിരുന്നില്ല അവർ. ഈ വിശ്വാസികളായ സ്ത്രീകളും പുരുഷന്മാരും ഇല്ലായിരുന്നുവെങ്കിൽ മുസ്‌ലിംകൾക്ക് അവരെക്കുറിച്ച് യാതൊരു അറിവും ഉണ്ടാകുമായിരുന്നില്ല. (ചവിട്ടിത്തേക്കുകയും) നിങ്ങളവരെ ചവിട്ടിത്തേക്കുന്നതിനെക്കുറിച്ചുള്ള ഭയം. (എന്നിട്ട് നിങ്ങളറിയാതെതന്നെ അവർ നിമിത്തം ഉപദ്രവം വന്നുഭവിക്കാൻ ഇടയാവുകയും) (അൽമഅറത്)കൊണ്ട് വിവക്ഷ അവരുടെ യുദ്ധത്താൽ ഏൽക്കേണ്ടിവരുന്ന അനിഷ്ടങ്ങളും ദ്രോഹങ്ങളുമാണ്. പാരത്രികമായ പ്രചോദനം എന്നത് (അല്ലാഹു തന്റെ കാരുണ്യത്തിൽ താൻ ഉദ്ദേശിക്കുന്നവരെ ഉൾപ്പെടുത്തേണ്ടതിനായിട്ടാകുന്നു അത്) അവിശ്വാസത്തിനുശേഷം വിശ്വാസംകൊണ്ട് അവരെ അവൻ അനുഗ്രഹിച്ചു; വഴികേടിനുശേഷം സന്മാർഗം കൊണ്ടും. യുദ്ധം ചെയ്യാൻ നിങ്ങൾക്ക് തടസ്സം ഇതാണെങ്കിൽ: (അവർ വേറിട്ടായിരുന്നു താമസിച്ചിരുന്നതെങ്കിൽ) അവിശ്വാസികളുടെ അടുക്കലല്ലാതെ വേറിട്ടായിരുന്നു താമസിച്ചിരുന്നതെങ്കിൽ. (അവരിലെ സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷ നാം നൽകുകതന്നെ ചെയ്യുമായിരുന്നു) അതായത്, അവരോട് യുദ്ധം ചെയ്യാൻ നാം നിങ്ങളെ അനുവദിക്കുമായിരുന്നു. അതിന് നാം സമ്മതം നൽകുകയും അവർക്കെതിരെ നിങ്ങളെ നാം സഹായിക്കുകയും ചെയ്യുമായിരുന്നു.





മുഹമ്മദ് നബി (സ്വ) 67

# തബൂകിന് ശേഷം

ഹുസൈൻ സലഫി
: +971 50 634 6963

നബി(സ്വ)യുടെ ജീവിതത്തിലെ അവസാനത്തെ പടപ്പുറപ്പാടായിരുന്നു തബൂക് യുദ്ധം. അതിനുശേഷം ഹിജ്റ 9ന് പല സുപ്രധാനമായ സംഭവങ്ങളും ഉണ്ടാകുകയുണ്ടായി. നബി(സ്വ)യുടെ മഹത്ത്വവും ഹൃദയവിശാലതയുമെല്ലാം കൂടുതൽ അറിയാൻ സഹായകമാകുന്ന സംഭവങ്ങളായിരുന്നു അവ.

## അബ്ദുല്ലാഹ് ഇബ്‌നു ഉബയ്യുബ്‌നുസലൂലിന്റെ അന്ത്യം

മദീനയിലെ കപടവിശ്വാസികളുടെ നേതാവായിരുന്നല്ലോ അബ്ദുല്ലാഹിബ്‌നു ഉബയ്യിബ്‌നു സലൂൽ. അയാളുടെ മരണത്തെ സംബന്ധിച്ച് പ്രസിദ്ധമായ ഹദീസ് ഗ്രന്ഥങ്ങളിലെല്ലാം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഒരു കാര്യത്തിൽ നബി(സ്വ)ക്ക് അല്ലാഹുവിൽനിന്നുള്ള വിലക്ക് വരുന്നതുവരെ അതിനെ നബി(സ്വ) വിശാലമായ മനസ്സോടുകൂടിയാണ് സമീപിക്കാറുള്ളത്. അത്തരം കാര്യങ്ങളോട് അങ്ങേയറ്റത്തെ സഹിഷ്ണുതയും വിട്ടുവീഴ്ചയും കാണിച്ചിരുന്ന ഉന്നത സ്വഭാവത്തിന്റെ ഉടമയായിരുന്നു നബി(സ്വ). അതു മനസ്സിലാക്കാൻ സഹായകമാകുന്ന ഒരു സംഭവമാണ് അബ്ദുല്ലാഹിബ്‌നു ഉബയ്യിബ്‌നു സലൂലിന്റെ മരണം. ഉമർ(റ) അതിനെ സംബന്ധിച്ച് പറയുന്നത് കാണുക:

അദ്ദേഹം പറഞ്ഞു: ''അബ്ദുല്ലാഹിബ്‌നു ഉബയ്യിബ്‌നു സലൂൽ മരണപ്പെട്ടപ്പോൾ അയാൾക്ക് വേണ്ടി, അയാളുടെമേൽ (ജനാസ) നമസ്കരിക്കുന്നതിനായി അല്ലാഹുവിന്റെ റസൂൽ(സ്വ) ക്ഷണിക്കപ്പെടുകയുണ്ടായി. അങ്ങനെ അല്ലാഹുവിന്റെ റസൂൽ(സ്വ) നമസ്കാരത്തിന് നിന്നപ്പോൾ ഞാൻ നബിയിലേക്ക് ചാടി എഴുന്നേറ്റു നിന്നു. എന്നിട്ട് ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങ് ഇബ്‌നു ഉബയ്യിന്റെ മേൽ നമസ്കരിക്കുകയാണോ? അയാൾ (ഇന്ന) ദിവസം ഇങ്ങനെയും ഇങ്ങനെയുമെല്ലാം പറഞ്ഞിരുന്നില്ലേ?' ഞാൻ അവിടുത്തോട്

**എഴുപത് തവണ ആ കപടന്മാർക്കുവേണ്ടി അല്ലാഹുവിനോട് നബി(സ്വ) പാപമോചനം തേടിയാൽ പോലും അല്ലാഹു അവരോടു പൊറുക്കുകയില്ല എന്നാണ് അല്ലാഹു അറിയിക്കുന്നത്. നബി(സ്വ) പാപമോചനം തേടിയാലും ഇല്ലെങ്കിലും എന്നാണല്ലോ അല്ലാഹു പറഞ്ഞത്. അതിന്റെ വെളിച്ചത്തിലാണ് അവിടുന്ന് അയാൾക്കുവേണ്ടി നമസ്കരിച്ചത്. നമസ്കാരം കഴിഞ്ഞ് അധികം താമസിയാതെ 'അവരുടെമേൽ നമസ്കരിക്കരുത്', 'അത്തരക്കാരുടെ ക്വബ്റിന്റെ സമീപത്ത് നിൽക്കുകയും ചെയ്യരുത്' തുടങ്ങിയ കൽപനകൾ അല്ലാഹു ഇറക്കുകയും ചെയ്തു. കാരണം അവർ അല്ലാഹുവിലും റസൂലിലും അവിശ്വസിച്ചവരാകുന്നു.**

അയാളുടെ വാക്കുകൾ എണ്ണിപ്പറഞ്ഞുകൊടുത്തു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പുഞ്ചിരിക്കുകയും (ഇപ്രകാരം) പറയുകയും ചെയ്തു: 'ഉമറേ, എന്നിൽനിന്നും താങ്കൾ വിട്ടു നിൽക്കൂ.' അപ്പോൾ ഞാൻ അവിടുത്തോട് ധാരാളം (അതിനെ സംബന്ധിച്ചു) പറഞ്ഞു കൊടുത്തു. നബി(സ്വ) പറഞ്ഞു: 'തീർച്ചയായും തെരഞ്ഞെടുക്കാനുള്ള അനുവാദം നൽകപ്പെട്ടപ്പോൾ ഞാൻ (അദ്ദേഹത്തിനുവേണ്ടി നമസ്കരിക്കാൻ) തെരഞ്ഞെടുത്തു. എഴുപതിന് മുകളിൽ ഞാൻ അധികരിപ്പിച്ചാൽ അദ്ദേഹത്തോട് പൊറുക്കപ്പെടുമെന്ന് ഞാൻ അറിഞ്ഞിരുന്നെങ്കിൽ ഞാൻ അതിനെക്കാൾ അധികരിപ്പിക്കുമായിരുന്നു.' അദ്ദേഹം (ഉമർ) പറഞ്ഞു: 'അങ്ങനെ അല്ലാഹുവിന്റെ റസൂൽ(സ്വ) അദ്ദേഹത്തിനുവേണ്ടി നമസ്കരിക്കുകയും അതിൽനിന്ന് പിരിയുകയും ചെയ്തു. അൽപസമയം കഴിഞ്ഞപ്പോഴേക്കും സൂറതുൽ ബറാഅയിൽനിന്നുള്ള രണ്ട് സൂക്തങ്ങൾ ഇറങ്ങി: ''അവരുടെ കൂട്ടത്തിൽനിന്ന് മരണപ്പെട്ടയാതൊരാളുടെ പേരിലും നീ ഒരിക്കലും നമസ്കരിക്കരുത്. അവന്റെ ക്വബ്റിന്നരികിൽ നിൽക്കുകയും ചെയ്യരുത്. തീർച്ചയായും അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിക്കുകയും ധിക്കാരികളായിക്കൊണ്ട് മരിക്കുകയും ചെയ്തിരിക്കുന്നു'' (തൗബ 84). (ഉമർ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലി(സ്വ)നോട് അന്നേദിവസം (സംസാരിച്ചതിൽ) എന്റെ ധൈര്യത്തെ സംബന്ധിച്ച് ഞാൻ അത്ഭുതപ്പെട്ടിരുന്നു.'' (ബുഖാരി).

നബി(സ്വ) താഴെയുള്ള വചനത്തിന്റെ അടിസ്ഥാനത്തിലാണ് നമസ്കരിക്കാൻ തയ്യാറായത്: ''(നബിയേ,) നീ അവർക്കുവേണ്ടി പാപമോചനം തേടിക്കൊള്ളുക. അല്ലെങ്കിൽ അവർക്കുവേണ്ടി പാപമോചനം തേടാതിരിക്കുക. നീ അവർക്കുവേണ്ടി എഴുപത് പ്രാവശ്യം പാപമോചനം തേടിയാലും അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല. അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിച്ചത് കൊണ്ടത്രെ അത്. ധിക്കാരികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല'' (9:80).

എഴുപത് തവണ ആ കപടന്മാർക്കുവേണ്ടി അല്ലാഹുവിനോട് നബി(സ്വ) പാപമോചനം തേടിയാൽ പോലും അല്ലാഹു അവരോടു പൊറുക്കുകയില്ല എന്നാണ് അല്ലാഹു ഈ വചനത്തിലൂടെ അറിയിക്കുന്നത്. ഈ വചനത്തിൽ നബി(സ്വ) പാപമോചനം തേടിയാലും ഇല്ലെങ്കിലും എന്നാണല്ലോ അല്ലാഹു പറഞ്ഞത്. അതിന്റെ വെളിച്ചത്തിലാണ് അവിടുന്ന് അയാൾക്കുവേണ്ടി നമസ്കരിച്ചത്. നമസ്കാരം കഴിഞ്ഞ് അധികം താമസിയാതെ അവരുടെമേൽ നമസ്കരിക്കരുത്, അത്തരക്കാരുടെ ക്വബ്റിന്റെ സമീപത്ത് നിൽക്കുകയും ചെയ്യരുത് തുടങ്ങിയ കൽപനകൾ അല്ലാഹു ഇറക്കുകയും ചെയ്തു. കാരണം അവർ അല്ലാഹുവിലും റസൂലിലും അവിശ്വസിച്ചവരാകുന്നു.

നബി(സ്വ)യുടെ ലോലഹൃദയത്തിന്റെ ഉദാഹരണമാണ് നാം ഇവിടെ കാണുന്നത്. പുറമേക്ക് മുസ്‌ലിമായി നടക്കുകയും പലവിധ കുഴപ്പങ്ങളും ഉണ്ടാക്കുകയും ചെയ്തിട്ടുപോലും അല്ലാഹു പൊറുത്തു കൊടുത്താലോ എന്ന കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും മനസ്സായിരുന്നു അവിടുത്തേക്ക്.

നബി(സ്വ) മദീനയിൽ എത്തിയ സന്ദർഭത്തിൽ അദ്ദേഹത്തെ സംബന്ധിച്ച് ദുരാരോപണം പ്രചരിപ്പിച്ച, തന്റെ ഭാര്യയെ സംബന്ധിച്ച് അപവാദ പ്രചാരണത്തിന് ചുക്കാൻ പിടിച്ച, സന്ദിഗ്ധഘട്ടങ്ങളിൽ മുസ്‌ലിം സംഘത്തിൽ ഛിദ്രതയുണ്ടാക്കാൻ ശ്രമം നടത്തിയ, വഞ്ചനയുടെയും ചതിയുടെയും പ്രതീകമായ ഈ കപടവിശ്വാസി മരണപ്പെട്ടപ്പോൾ അയാൾക്കുവേണ്ടി അല്ലാഹുവിനോട് പാപമോചനം തേടാൻ അല്ലാഹുവിന്റെ റസൂൽ(സ്വ) കാണിച്ച വിശാലമനസ്കത ചരിത്രത്തിൽ സ്ഥാനം പിടിച്ച സംഭവമാണ്.

**'ഐഹിക സൗകര്യമാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ നിങ്ങൾക്കുള്ള മുത്അത് ഞാൻ നൽകാം. (വിവാഹമോചന സമയത്ത് വധുവിനെ സന്തോഷിപ്പിക്കാൻ വരൻ നൽകുന്ന സമ്മാനത്തെയാണ് മുത്അത് എന്ന് പറയുന്നത്). ഐഹിക സൗകര്യങ്ങളെയാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത് എങ്കിൽ നിങ്ങൾക്ക് എന്നെ സമീപിക്കാം. നിങ്ങൾക്ക് അത് നൽകുകയും ചെയ്യാം. അങ്ങനെ നിങ്ങളെ വിവാഹമോചനം നടത്തുകയും ചെയ്യുന്നതാണ്. അതല്ല, അല്ലാഹുവിനെയും അവന്റെ റസൂലിനെയും പരലോകത്തെയുമാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ അല്ലാഹു നിങ്ങൾക്ക് ഇതിലേറെ അത്യുത്തമമായത് ഒരുക്കിവച്ചിരിക്കുന്നു. ഏതാണ് നിങ്ങൾക്ക് വേണ്ടതെന്ന് തീരുമാനിക്കാം' എന്ന് പറയാനാണ് നബി(സ്വ)യോട് അല്ലാഹു ആവശ്യപ്പെട്ടത്.**

ഈ കപടവിശ്വാസിക്ക് ഒരു മകനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരും അബ്ദുല്ലാഹ് എന്നു തന്നെയായിരുന്നു. ആ മകൻ പിതാവ് മരണപ്പെട്ട സന്ദർഭത്തിൽ നബി(സ്വ)യെ സമീപിക്കുന്ന രംഗം ഇബ്നു ഉമർ(റ) വിവരിക്കുന്നത് കാണുക:

അദ്ദേഹം പറഞ്ഞു: ''അബ്ദുല്ലാഹിബ്നു ഉബയ്യ് മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ അബ്ദുല്ലാഹ് അല്ലാഹുവിന്റെ റസൂലി(സ്വ)നെ സമീപിച്ചു. എന്നിട്ട് തന്റെ പിതാവിനെ കഫൻ ചെയ്യുന്നതിനായി നബി(സ്വ)യുടെ കുപ്പായം നൽകാനായി ചോദിച്ചു. അപ്പോൾ നബി(സ്വ) അത് നൽകി. പിന്നീട് അദ്ദേഹത്തിനായി നമസ്കരിക്കാൻ നബി(സ്വ)യോട് അവൻ ചോദിച്ചു. അപ്പോൾ അയാൾക്കുവേണ്ടി നമസ്കരിക്കാൻ നബി(സ്വ) എഴുന്നേറ്റു. അപ്പോൾ ഉമർ(റ) എഴുന്നേൽക്കുകയും അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ വസ്ത്രത്തിൽ പിടിക്കുകയും എന്നിട്ട് (ഇപ്രകാരം) ചോദിക്കുകയും ചെയ്തു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ രക്ഷിതാവ് അയാൾക്കുവേണ്ടി നമസ്കരിക്കുന്നത് അങ്ങയെ വിലക്കിയിട്ടില്ലയോ?' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അല്ലാഹു എനിക്ക് തെരഞ്ഞടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടല്ലോ.' എന്നിട്ട് അവിടുന്ന് പറഞ്ഞു: 'നീ അവർക്കുവേണ്ടി പാപമോചനം തേടിക്കൊള്ളുക. അല്ലെങ്കിൽ അവർക്കുവേണ്ടി പാപമോചനം തേടാതിരിക്കുക. നീ അവർക്കുവേണ്ടി എഴുപത് പ്രാവശ്യം പാപമോചനം തേടിയാലും...' (എന്ന് അല്ലാഹു പറഞ്ഞിട്ടില്ലേ?). ഞാൻ എഴുപതിൽ അധികരിപ്പിക്കുന്നതാണ്.' അങ്ങനെ നബി(സ്വ) നമസ്കരിച്ചു. അപ്പോൾ അല്ലാഹു 'അവരുടെ കൂട്ടത്തിൽനിന്ന് മരണപ്പെട്ട യാതൊരാളുടെ പേരിലും നീ ഒരിക്കലും നമസ്കരിക്കരുത്. അവന്റെ ക്വബ്റിന്നരികിൽ നിൽക്കുകയും ചെയ്യരുത്...'(9:84) എന്ന സൂക്തം ഇറക്കുകയും ചെയ്തു'' (ബുഖാരി).

പണ്ടൊരിക്കൽ നബി(സ്വ)യുടെ പിതൃവ്യൻ അബ്ബാസി(റ)ന് വസ്ത്രം ഇല്ലാത്ത സന്ദർഭത്തിൽ ഈ ഉബയ്യായിരുന്നു സഹായിച്ചിരുന്നത്. ആ കാര്യം നബി(സ്വ)ക്ക് ഓർമയുണ്ടായിരുന്നു. അതിനാലാകാം നബി(സ്വ)യോട് അദ്ദേഹത്തിന്റെ മകൻ പിതാവിനെ കഫൻ ചെയ്യുന്നതിനായി കുപ്പായം ചോദിച്ചപ്പോൾ അവിടുന്ന് അത് നൽകിയത് എന്ന് വിവരിക്കപ്പെടുന്നത് നമുക്ക് കാണാൻ സാധിക്കും. പിതാവ് നബി(സ്വ)ക്കെതിരെ കുതന്ത്രങ്ങൾ പ്രയോഗിച്ചപ്പോൾ പിതാവിനെ വധിക്കാൻ നബി(സ്വ)യോട് അനുവാദം ചോദിച്ചവനായിരുന്നു മകൻ അബ്ദുല്ലാഹ്. ഈ മകനാണല്ലോ പിതാവിനെ കഫൻ ചെയ്യാൻ നബി(സ്വ)യുടെ കുപ്പായം ചോദിക്കുന്നതും പിതാവിന് വേണ്ടി നമസ്കാരത്തിന് ആവശ്യപ്പെടുന്നതും. അന്നേരം നമ സ്കാരത്തെ വിലക്കിക്കൊണ്ടുള്ള ആയത്തും ഇറങ്ങിയിട്ടില്ല. അതിനാൽ നബി(സ്വ) തന്റെ കുപ്പായം നൽകുകയും നമസ്കാരത്തിന് തയ്യാറാകുകയും ചെയ്തു. മകന്റെ ഇഷ്ടം പരിഗണിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ മനസ്സിന് ആശ്വാസം ലഭിക്കുമല്ലോ. അദ്ദേഹത്തിന്റെ കുടുംബത്തിന് എക്കാലത്തേക്കുമായി ഒരു അപമാനം ഇല്ലാതിരിക്കാനും അത് കാരണമാകും. നബി(സ്വ)യെ പലനിലയ്ക്കും ദ്രോഹിച്ചിട്ടും അവിടുന്ന് അയാളുടെ അന്ത്യസമയത്ത് മാന്യമായിട്ടാണ് പെരുമാറിയതെന്നത് അവർ ഇസ്ലാമിലേക്ക് വരാനും കാരണമാകും. വ്യാഖ്യാതാക്കൾ ഇങ്ങനെയെല്ലാം നബി(സ്വ)യുടെ ഈ പ്രവൃത്തിയെ വിവരിക്കുന്നത് കാണാം.

അല്ലാഹുവിനെയും റസൂലിനെയും നിഷേധിച്ച ആ മുനാഫിക്വിന് നബി(സ്വ)യുടെ കുപ്പായമോ, നബി(സ്വ)യുടെ നമസ്കാരമോ, പാപമോചന തേട്ടമോ ഒന്നും തന്നെ ഉപകാരപ്പെടുന്നതല്ല. അസ്ക്വലാനി(റഹി) വിവരിക്കുന്നത് കാണുക:

''ഈ കഥ ക്വതാദയിൽനിന്നും സഈദിന്റെ വഴിയിലൂടെ ത്വബ്രി ഉദ്ധരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: അപ്പോൾ അല്ലാഹു 'അവരുടെ കൂട്ടത്തിൽനിന്ന് മരണപ്പെട്ട യാതൊരാളുടെ പേരിലും നീ ഒരിക്കലും നമസ്കരിക്കരുത്. അവന്റെ ക്വബ്റിന്നരികിൽ നിൽക്കുകയും ചെയ്യരുത്' (എന്ന വചനം) ഇറക്കി. അദ്ദേഹം പറഞ്ഞു: നബി(സ്വ) ഞങ്ങളോട് പറഞ്ഞു: 'അദ്ദേഹത്തിന് എന്റെ കുപ്പായം അല്ലാഹുവിൽനിന്നും യാതൊരു ഉപകാരവും ചെയ്യുന്നതല്ല. തീർച്ചയായും അദ്ദേഹത്തിന്റെ വിഭാഗത്തിൽനിന്നും ഒരായിരം ആളുകൾ മുസ്ലിമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.''

അല്ലാഹു വിലക്കേർപ്പെടുത്തിയതിന് ശേഷം ഒരിക്കലും കപടവിശ്വാസികൾക്ക് വേണ്ടി അവിടുന്ന് നമസ്കരിക്കുകയോ അവരുടെ ക്വബ്റിന്റെ സമീപത്ത് നിൽക്കുയോ ചെയ്തിട്ടില്ല. അതാണ് ഇസ്ലാമിന്റെ നിയമവും. എന്നാൽ ഇന്ന് ആരെല്ലാമാണ് കപടന്മാർ, ആരെല്ലാമാണ് നിഷ്കളങ്കർ എന്ന് നമുക്ക് തീർപ്പാക്കാൻ ഒരു വഴിയും ഇല്ല. ബാഹ്യമായ കാര്യങ്ങൾ പരിഗണിക്കാനേ നമുക്ക് സാധിക്കൂ. നബി(സ്വ)യുടെ രഹസ്യസൂക്ഷിപ്പുകാരൻ എന്ന് അറിയപ്പെടുന്ന സ്വഹാബിയായിരുന്നു ഹുദയ്ഫ(റ). അദ്ദേഹത്തിന് അല്ലാഹുവിന്റെ വഹ്യിന്റെ അടിസ്ഥാനത്തിൽ മദീനയിൽ അന്ന് ഉണ്ടായിരുന്ന ചില മുനാഫിക്വുകളുടെ പേര് നബി(സ്വ) അറിയിച്ചുകൊടുത്തിരുന്നു. അത് ആരെല്ലാമെന്ന് ഹുദയ്ഫ(റ)ക്ക് പുറമെ മറ്റൊരു സ്വഹാബിക്കും അറിയുമായിരുന്നില്ല. സ്വഹാബിമാർക്ക് പോലും മുനാഫിക്വ് (കപട

വിശ്വാസി) ആരെന്നോ മുഖ്‌ലി സ്വ് (നിഷ്‌കളങ്കൻ) ആരെന്നോ പറയാൻ സാധ്യമായിരുന്നില്ല എന്ന് വ്യക്തം.

## ഭാര്യമാരോട് ചില കൽപനകൾ

തബൂക് യുദ്ധം കഴിഞ്ഞ അതേ വർഷത്തിൽതന്നെ ഉണ്ടായ മറ്റൊരു പ്രധാന സംഭവമാണ് ഇനി നാം വിവരിക്കുന്നത്:

''നബിയേ, നിന്റെ ഭാര്യമാരോട് നീ പറയുക: ഐഹികജീവിതവും അതിന്റെ അലങ്കാരവുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങൾ വരൂ! നിങ്ങൾക്ക് ഞാൻ ജീവിതവിഭവം നൽകുകയും ഭംഗിയായ നിലയിൽ ഞാൻ നിങ്ങളെ മോചിപ്പിച്ച് അയച്ചുതരികയും ചെയ്യാം. അല്ലാഹുവെയും അവന്റെ ദൂതനെയും പരലോക ഭവനത്തെയുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങളുടെ കൂട്ടത്തിൽ സദ്‌വൃത്തകളായിട്ടുള്ളവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവച്ചിട്ടുണ്ട്'' (33:28,29).

ഈ സൂക്തങ്ങൾ ഇറങ്ങാനുണ്ടായ പശ്ചാത്തലമാണ് നാം ഇവിടെ മനസ്സിലാക്കേണ്ടത്. ഈ സൂക്തം ഇറക്കപ്പെടുന്ന വേളയിൽ നബി(സ്വ)യുടെ കൂടെ ഒമ്പത് ഭാര്യമാർ ജീവിച്ചിരിപ്പുണ്ടായിരുന്നു. ആഇശ(റ), ഹഫ്‌സ(റ), ഉമ്മു ഹബീബ(റ), സൗദ(റ), ഉമ്മു സലമ(റ), സയ്‌നബ്(റ), മയ്യൂന(റ), സ്വഫിയ്യ(റ), ജുവയ്‌രിയ(റ) തുടങ്ങിയവരായിരുന്നു അവർ. ഇവർ നബി(സ്വ)യുടെ കൂടെ സാമ്പത്തികമായ ഞെരുക്കാവസ്ഥയിലാണ് ജീവിച്ചിരുന്നത്. നബി(സ്വ)യുടെ കൂടെ പല സന്ദർഭങ്ങളിലും പട്ടിണി കിടക്കേണ്ടി വന്നവരായിരുന്നു ഈ മഹതികൾ. ഭക്ഷണം പാചകം ചെയ്യാത്ത പല രാവുകളും അവരിൽ കടന്നുപോയത് ചരിത്രത്തിൽ ഏറെ അറിയപ്പെട്ടതാണ്. പച്ച വെള്ളവും കാരക്കയും കഴിച്ച് ജീവിച്ചിരുന്ന ദിനങ്ങൾ അവർക്ക് ധാരാളമുണ്ടായിരുന്നു. എണ്ണയില്ലാത്തതിനാൽ വിളക്ക് കത്തിക്കാൻ പോലും സാധിക്കാതെ ഇരുട്ടത്ത് കഴിയേണ്ടിവന്ന രാത്രികളും അവർക്ക് ഉണ്ടായിരുന്നു.

മക്കാവിജയവും തബൂകുമെല്ലാം കഴിഞ്ഞപ്പോൾ മദീനയുടെ പൊതുഖജനാവിലേക്ക് സ്വദക്വയുടെ വിഹിതങ്ങൾ വരുന്നതിന്റെ അളവ് കൂടാൻ തുടങ്ങി. അഥവാ, അൽപമെല്ലാം ഐശ്വര്യം ഉണ്ടാകാൻ തുടങ്ങി. ഈ ഘട്ടത്തിൽ തങ്ങളുടെ പ്രയാസത്തിന് പ്രതിവിധി കാണുന്നതിനായി പൊതുഖജനാവിൽനിന്ന് എടുത്ത് തങ്ങളുടെ ജീവിത നിലവാരം ഒന്ന് മെച്ചപ്പെടുത്തണമെന്ന് ഒരു പരാതിയെന്ന രൂപത്തിൽ അവർ നബി(സ്വ)യോട് അവതരിപ്പിച്ചു. ആ സന്ദർഭത്തിലാണ് മുകളിലെ വചനങ്ങൾ ഇറങ്ങുന്നത്!

'ഐഹിക സൗകര്യമാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ നിങ്ങൾക്കുള്ള മതാഅ് ഞാൻ നൽകാം. (വിവാഹമോചന സമയത്ത് വധുവിനെ സന്തോഷിപ്പിക്കാൻ വരൻ നൽകുന്ന സമ്മാനത്തെയാണ് മതാഅ് എന്ന് പറയുന്നത്). ഐഹിക സൗകര്യങ്ങളെയാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത് എങ്കിൽ നിങ്ങൾക്ക് എന്നെ സമീപിക്കാം. നിങ്ങൾക്ക് അത് നൽകുകയും ചെയ്യാം. അങ്ങനെ നിങ്ങളെ വിവാഹമോചനം നടത്തുകയും ചെയ്യുന്നതാണ്. അതല്ല, അല്ലാഹുവിനെയും അവന്റെ റസൂലിനെയും പരലോകത്തെയുമാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ അല്ലാഹു നിങ്ങൾക്ക് ഇതിലേറെ അത്യുത്തമമായത് ഒരുക്കിവച്ചിരിക്കുന്നു. ഏതാണ് നിങ്ങൾക്ക് വേണ്ടതെന്ന് തീരുമാനിക്കാം' എന്ന് പറയാനാണ് നബി(സ്വ)യോട് അല്ലാഹു ആവശ്യപ്പെട്ടത്.

ആഇശ(റ) ഈ സംഭവത്തെ സംബന്ധിച്ച് പറയുന്നത് കാണുക: ''തന്റെ ഭാര്യമാരെ തെരഞ്ഞെടുക്കാനായി അല്ലാഹു അവിടുത്തോട് കൽപിച്ച വേളയിൽ അല്ലാഹുവിന്റെ റസൂൽ(സ്വ) എന്റെ (ആഇശ(റ)യുടെ) അടുക്കൽ വന്നു. അങ്ങനെ അല്ലാഹുവിന്റെ റസൂൽ(സ്വ) എന്നിൽനിന്ന് ആരംഭിച്ചു. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'ഞാൻ നിന്നോട് ഒരു കാര്യം പറയുകയാണ്. അതിനാൽ നീ നിന്റെ മാതാപിതാക്കളോട് കൂടിയാലോചിക്കുന്നതുവരെ ധൃതികാണിക്കരുത്.' തീർച്ചയായും എന്റെ മാതാപിതാക്കൾ എന്നെ പിരിയാൻ കൽപിക്കുന്നവരായിരിക്കില്ല എന്ന് (അവിടുത്തേക്ക്) അറിയാം. ആഇശ(റ) പറഞ്ഞു: 'പിന്നീട് അവിടുന്ന് പറഞ്ഞു: തീർച്ചയായും അല്ലാഹു പറയുന്നു: 'നബിയേ, നിന്റെ ഭാര്യമാരോട് നീ പറയുക...' അപ്പോൾ ഞാൻ അവിടുത്തോട് ചോദിച്ചു: ഇതിൽ ഏതാണ് എന്റെ മാതാപിതാക്കളോട് ഞാൻ കൂടിയാലോചിക്കേണ്ടത്? തീർച്ചയായും ഞാൻ അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയുമാണ് ഉദ്ദേശിക്കുന്നത്'' (ബുഖാരി).

ഈ വചനം ഇറങ്ങിയതിന് ശേഷം നബി(സ്വ) തന്റെ ഭാര്യമാരിൽ ഓരോരുത്തരോടും അവരുടെ അഭിപ്രായം ചോദിച്ചു. ആഇശ(റ)യിൽനിന്നാണ് ആരംഭിച്ചത്. അല്ലാഹുവിന്റെ വചനം ഇറങ്ങിയപ്പോൾ മഹതികൾ കൂടിയാലോചനക്ക് മുതിർന്നതേയില്ല. അവർ എല്ലാവരും അവരുടെ കരളായ പ്രവാചകന്റെ കൂടെയുള്ള ജീവിതമാണ് തെരഞ്ഞെടുത്തത്. നബി(സ്വ)യെ വേർപിരിയുക എന്നത് അവർക്ക് സഹിക്കാൻ കഴിയാത്ത കാര്യമായിരുന്നു. മാത്രവുമല്ല, സത്യവിശ്വാസികളുടെ മാതാവ് എന്ന സ്ഥാനം, നബി(സ്വ)യുടെ ഭാര്യ എന്ന പദവി, സ്വർഗത്തിലെ സ്ഥാനം ഇത് ഒഴിവാക്കുക എന്നത് ഏറ്റവും വലിയ നഷ്ടമാണല്ലോ.

ഒരു ഭാര്യയോടും ഇതിന്റെ പേരിൽ നബി(സ്വ) കയർക്കുകയോ വെറുക്കുകയോ ദേഷ്യപ്പെടുകയോ ഉണ്ടായിട്ടില്ല. കാരണം, നബി(സ്വ)യോടൊപ്പം ജീവിച്ച ആ മഹതികൾക്ക് എന്നും ഞെരുക്കമേ ഉണ്ടായിട്ടുള്ളൂവെന്നും അവർ ചോദിച്ചത് ന്യായമാണെന്നും അവിടുത്തേക്ക് അറിയാമായിരുന്നു. പട്ടിണിയുടെ രാവുകൾ ഏറെയായിരുന്നു. സൗകര്യങ്ങളും നന്നേ കുറവ്. പൊതുഖജനാവിൽ അൽപം സമ്പത്തുണ്ട് എന്ന് മനസ്സിലാക്കിയപ്പോൾ മാത്രമാണല്ലോ അവർ നബി(സ്വ)യോട് ആവശ്യം ഉന്നയിച്ചത്. (തുടരും)

ലേഖനം



# മനുഷ്യജീവൻ, ജീവിതം, ലക്ഷ്യം

മുബാറക് തിരൂർക്കാട്
: 95391 14860

മനുഷ്യജീവന്ന് യാതൊരു വിലയുമില്ലാത്ത വല്ലാത്തൊരു കാലമാണിത്. നിസ്സാരമായ കാര്യങ്ങൾക്ക് മനുഷ്യർ തമ്മിൽ കലഹിച്ച് ഒരാൾ കത്തിയെടുത്ത് കുത്തുന്നു. മരിക്കുന്നു. രാഷ്ട്രീയ വൈരത്തിൽ കൊല്ലപ്പെടുന്ന മനുഷ്യരെത്രയാണ്! പണത്തിന്റെ പേരിൽ കൊല്ലപ്പെടുന്നവരും ഒട്ടും കുറവല്ല. മതത്തിന്റെ പേരിലും ജാതിയുടെ പേരിലും അനേകർ വധിക്കപ്പെടുന്നു. ആൾക്കൂട്ടക്കൊലകൾ വർധിച്ചുകൊണ്ടേയിരിക്കുന്നു. കള്ളുകുടിച്ച് ലഹരി തലയിൽ കയറി ജീവൻ നശിപ്പിക്കുന്നവരുടെ എണ്ണവും കുറവല്ല. വഹനാപകടങ്ങളിലും മറ്റു അത്യാഹിതങ്ങളിലും ഒരുപാട് പേർ ഇഹലോകവാസം വെടിയുന്നു.

യഥാർഥത്തിൽ മനുഷ്യജീവന് വിലയില്ലേ? ഉണ്ട് എന്നല്ല, ജീവന്റെ വില കണക്കാക്കാനാവില്ല എന്നതാണ് വസ്തുത. അമൂല്യമാണത്. ലോകത്തെ ശാസ്ത്ര-സാങ്കേതികവിജ്ഞാനം മുഴുവൻ ഉപയോഗപ്പെടുത്തിയാലും നഷ്ടപ്പെട്ട ജീവൻ തിരിച്ചെടുക്കാനാവുമോ?

ഈയിടെ പാലക്കാട്ട് മലമ്പുഴക്കടുത്ത് കുമ്പാച്ചി മലയിൽ നടന്ന സംഭവം മനുഷ്യജീവന്റെ വില നമുക്ക് മനസ്സിലാക്കിത്തരുന്നു. ഒരു ജീവൻ രക്ഷിക്കാൻ രാജ്യം എന്തൊക്കെയാണവിടെ ചിലവഴിച്ചത്! കൂട്ടുകാരോടൊത്ത് മലകയറുകയായിരുന്നു ബാബു. ട്രക്കിംഗ് എന്നോ മറ്റോ പേരിട്ട് ഇന്നത്തെ ന്യൂജനറേഷൻ നടത്തുന്ന ഒരു ഏർപ്പാടുണ്ടല്ലോ. വേണ്ടത്ര സന്നാഹങ്ങളില്ലാതെ, സാഹസികതയുടെ പേരിൽ, കൂട്ടുകാർക്കിടയിൽ വമ്പു നടിക്കാനും, വാട്ട്സാപ്പിലും ഫേസ്ബുക്കിലും പെരുമ നടിക്കാനുമുള്ള ഈ സർക്കസ് കൊണ്ടുള്ള ആത്യന്തികഫലം എന്താണാവോ? വ്യായാമത്തിന് മറ്റെന്തെല്ലാം മാർഗങ്ങളുണ്ട്! സ്വന്തം വീട്ടുപറമ്പിൽ കൈക്കോട്ടെടുത്ത് നാല് കുഴിയെടുത്ത് കുറച്ച് വിത്തുകളിടാനോ ചെടികൾ കുഴിച്ചിടാനോ ഇവർക്കൊന്നും നേരമില്ല. ഈ ബാബുതന്നെ വീട്ടിൽ പറയാതെയാണ് ട്രക്കിംഗിന് പോയിരിക്കുന്നതെന്ന് ഉമ്മ പറഞ്ഞതായി പത്രങ്ങളിൽ കണ്ടു. ന്യൂജെന്നിന്റെ അവസ്ഥ നോക്കൂ! അപകടത്തിൽനിന്ന് രക്ഷപ്പെട്ടില്ല എന്ന് വിചാരിക്കൂ. ആ മാതാപിതാക്കളുടെ സങ്കടം ഈ ദുനിയാവിൽ നിന്ന് തീരുമോ? താനെങ്ങോട്ട് പോകുന്നു എന്ന് വീട്ടുകാരെ അറിയിക്കാനുള്ള സാമാന്യമര്യാദ പോലും വളർന്നുവരുന്ന തലമുറക്കില്ലേ?

വിവരമറിഞ്ഞ് ജില്ലാ കലക്ടറും പോലീസും അഗ്നിശമന സേനാവിഭാഗവും മലയടിവാരത്തെത്തി. അൽപം മലകയറി അവർ നിസ്സഹായരായി. നൂറുമീറ്റർ പോലും മല കയറാനുള്ള പരിശീലനം ലഭിക്കാത്ത ഫയർഫോഴ്സും വെറുതെയായി. രണ്ടാം ദിവസം വ്യോമസേനയുടെ ഹെലിക്കോപ്റ്ററെത്തി. അവർക്കും ഫലപ്രദമായി ഒന്നും ചെയ്യാനായില്ല.

മലയിൽ നിന്ന് 410 അടി താഴേക്ക് വീണ ബാബുവിന്റെ ജീവൻ ബാക്കിയായത് വലിയൊരതിശയം തന്നെയാണ്! ഇത്ര താഴ്ചയിലേക്ക് വീണിട്ട് തലയോ കൈയോ കാലോ ഒടിയാതിരുന്നത് എങ്ങനെ? ഹെലിക്കോപ്റ്റർ മടങ്ങിയതിന് ശേഷം ഡ്രോണുപയോഗിച്ച് ഭക്ഷണവും വെള്ള

**കൃത്യമായയും നീതിപൂർവവും ശിക്ഷ നടപ്പാക്കാൻ ഈ ലോകത്ത് ഒരു നീതിന്യായ വ്യവസ്ഥ ക്കും സാധ്യമല്ല. യഥാർഥ പ്രതി തുടക്കത്തിൽ തന്നെ രക്ഷപ്പെട്ട്, കുറ്റകൃത്യം നടന്ന സ്ഥലത്തുള്ള മറ്റൊരാൾ പിടിക്കപ്പെടാം. മനഃപൂർവം കൃത്രിമമായ തെളിവുകളു ണ്ടാക്കി ഒരാളെ പ്രതിയാക്കാം. കൃത്യമായ തെളിവുകളുടെ അഭാവത്തിൽ കോടതി പ്രതിയെ വെറുതെ വിടാം. നിരപരാധികൾ ശിക്ഷിക്കപ്പെടാം.**

വുമെത്തിക്കാൻ ശ്രമം നടത്തിയതും പരാജയപ്പെട്ടു. രാത്രി പത്ത് മണിയോടെ ഊട്ടി വെല്ലിംഗ്ടണിൽനിന്നും ബാംഗ്ലൂരിൽ നിന്നുമുള്ള അമ്പതോളം സൈനികർ ഉപകരണങ്ങളും ഭക്ഷണവും വെള്ളവുമായി മല കയറാൻ തുടങ്ങുന്നു. രാത്രി ഒരു മണിക്ക് സംഘാംഗങ്ങൾ ബാബുവിനോട് സംസാരിക്കുന്നു. പിറ്റേന്ന് രാവിലെ 9 മണിക്ക് മദ്രാസ് റജിമെന്റിലെ ബാല എന്ന സൈനികൻ തൂക്കിയിട്ട കയറിലൂടെ ബാബുവിന്റെ അടുത്തേക്ക് നൂഴ്ന്നിറങ്ങുന്നു. കയറിൽ തൂങ്ങിനിന്ന് ബാബുവിന് വെള്ളവും ബിസ്കറ്റും നൽകുന്നു. ബാബുവിനെ ബെൽറ്റും ഹെൽമറ്റും ധരിപ്പിച്ച് കയറിൽ തൂങ്ങി ബാബു മുന്നിലും ബാല പിന്നിലുമായി കയറ്റം തുടങ്ങുന്നു. പത്തരമണിയോടെ കപ്പിയിൽ കെട്ടിയ കയറിലൂടെ വലിച്ചു കയറ്റുന്നു. കോയമ്പത്തൂർ സുലൂരിൽ നിന്നുള്ള സൈനിക ഹെലികോപ്റ്റർ മലമുകളിലെത്തി ബാബുവിനെ കയറിൽ തൂക്കി 11.30ഓടെ ഹെലികോപ്റ്ററിൽ കയറ്റുന്നു. കഞ്ചിക്കോട് ബെമൽ ഹെലിപാഡിൽ ബാബുവിനെ ഇറക്കി ആംബുലൻസിൽ കയറ്റി ഡി.എം.ഒയും ഡോക്ടർമാരുടെ സംഘവുമായി പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് പുറപ്പെടുന്നു. ആവശ്യമായ ചികിത്സ നൽകുന്നു. ഒരു മനുഷ്യജീവൻ രക്ഷിക്കാൻ രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങൾ നടത്തിയ ഒരു വമ്പൻ യത്നത്തിന്റെ രത്നച്ചുരുക്കമാണിത്. അപ്പോൾ മനുഷ്യജീവനെത്രയാണ് വില? അത് കണക്കാക്കാനാവില്ല എന്നർഥം.

മസ്തിഷകമരണം സംഭവിച്ചവരുടെ കരൾ, ഹൃദയം, കിഡ്നി തുടങ്ങിയ അവയവങ്ങൾ ഹെലിക്കോപ്റ്ററിലും എയർ ആമ്പുലൻസിലുമൊക്കെയായി അവ മാറ്റിവെക്കാനുദ്ദേശിച്ച രോഗികളുടെയടുത്തേക്ക് കൊണ്ടുപോകുന്നതും നാം കാണാറുണ്ട്. ട്രാഫിക് പോലീസും മറ്റും സംസ്ഥാനത്തെ ഹൈവേകളിലുടനീളം വാഹനങ്ങൾ നിയന്ത്രിച്ച് ഈ അവയവങ്ങളുമായി സഞ്ചരിക്കുന്നത് നാം കണ്ടതാണ്. അപ്പോൾ ഒരു മനുഷ്യാവയവത്തിനെത്രയാണ് വില! അതും വിലമതിക്കാനാവാത്തതു തന്നെ! ഇത്രയും അമൂല്യമാണ് മനുഷ്യാവയവങ്ങളും ജീവനും എന്ന് നാം കണ്ടു. അപ്പോൾ മനുഷ്യജീവിതം ഈ ഭൗതിക ലോകജീവിതംകൊണ്ട് അവസാനിക്കുമെന്ന് വന്നാൽ അതെത്ര നിരാശാജനകമാണ്! എത്ര നിരർഥകമായിരിക്കും!

പശുവും ആടും ഈച്ചയും കൊതുകുമെല്ലാം നശിച്ചൊടുങ്ങുന്നതുപോലെ മനുഷ്യനും മരിച്ചൊടുങ്ങുമെന്നും അതോടെ എല്ലാം തീരുന്നു എന്നും പറയുന്നത് ഒട്ടും ചിന്തിക്കാതെയാണെന്ന് വിലയിരുത്തേണ്ടിവരും. വാഹനത്തിലേറി സഞ്ചരിച്ചത് മനുഷ്യൻ മാത്രമാണ്. ദശലക്ഷക്കണക്കിന് ജീവികളിൽ പേന ഉപയോഗിച്ചവൻ മനുഷ്യൻ മാത്രമാണ്. ആശയാവിഷ്കാരപാടവം മനുഷ്യനേയുള്ളൂ. (ഇതരജീവികൾക്ക് അവരുടെ ജീവസന്ധാരണവുമായി ബന്ധപ്പെട്ട കാര്യങ്ങളേ അറിയിക്കാൻ കഴിയൂ). തമലമുറകൾക്ക് ഗുണം ചെയ്യാനും ദോഷം ചെയ്യാനും മനുഷ്യന്ന് മാത്രമെ സാധ്യമാകൂ.

ഇത്രയധികം കഴിവുകൾ നൽപ്പെട്ട മനുഷ്യന്റെ ജീവിതം ഭൗതികലോകത്തിലെ മരണത്തോടെ അവസാനിക്കുന്നത് നീതിയാണോ? ന്യായമാണോ? ശരിയാണോ?

പല മനുഷ്യരും അക്രമങ്ങൾ ചെയ്യുന്നുണ്ട്. ആ അക്രമങ്ങൾ അനുഭവിക്കുന്ന മനുഷ്യരും ധാരാളമുണ്ട്. ആ അക്രമികൾക്കും അക്രമമനുഭവിക്കുന്നവർക്കും തക്കതായ പ്രതിഫലം കിട്ടേണ്ടേ? അക്രമിക്ക് അക്രമം ചെയ്തതിനു ശിക്ഷ കിട്ടണം. അതാണ് നീതി. അക്രമം അനുഭവിച്ച സാധുക്കൾക്ക് നഷ്ടപരിഹാരം ലഭിക്കലാണ് ന്യായം. ഇത് രണ്ടും ഈ ലോകത്ത് നീതിപൂർവം കിട്ടുന്നില്ല എന്നത് സത്യമാണ്. അക്രമികൾ സുഖമായി ജീവിക്കുന്നു. അക്രമിക്കപ്പെട്ടവർ വിഷമിച്ചും ജീവിക്കുന്നു.

അപ്പോൾ അക്രമികൾക്ക് ശിക്ഷകിട്ടുന്ന, അക്രമിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭിക്കുന്ന ഒരിടം ഉണ്ടായേ തീരൂ. മാനവ സമുദായത്തിന് സന്മാർഗമായി അവതരിപ്പിക്കപ്പെട്ട ക്വുർആൻ ചൂണ്ടിക്കാണിക്കുന്നത് ഇപ്രകാരമാണ്: മരണശേഷം സകല മനുഷ്യരെയും രണ്ടാമത് ജീവിപ്പിക്കും. എന്നിട്ട് ഭൗതികജീവിതത്തിലെ കർമങ്ങളുടെ നന്മതിന്മകൾക്കനുസരിച്ച് കൃത്യമായ പ്രതിഫലം നൽകപ്പെടും. ക്വുർആൻ അക്കാര്യം ചുരുക്കിപ്പറയുന്നത് കാണുക:

"ഏതൊരാളും മരണം ആസ്വദിക്കുന്നതാകുന്നു. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപു നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആര് നരകത്തിൽനിന്ന് അകറ്റി നിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേ

ശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന വിഭവമല്ലാതെ മറ്റൊന്നുമല്ല" (ആലുഇംറാൻ: 185).

കൃത്യമായയും നീതിപൂർവവും ശിക്ഷ നടപ്പാക്കാൻ ഈ ലോകത്ത് ഒരു നീതിന്യായ വ്യവസ്ഥക്കും സാധ്യമല്ല. യഥാർഥ പ്രതി തുടക്കത്തിൽ തന്നെ രക്ഷപ്പെട്ട്, കുറ്റകൃത്യം നടന്ന സ്ഥലത്തുള്ള മറ്റൊരാൾ പിടിക്കപ്പെടാം. മനഃപൂർവം കൃത്രിമമായ തെളിവുകളുണ്ടാക്കി ഒരാളെ പ്രതിയാക്കാം. കൃത്യമായ തെളിവുകളുടെ അഭാവത്തിൽ കോടതി പ്രതിയെ വെറുതെ വിടാം. നിരപരാധികൾ ശിക്ഷിക്കപ്പെടാം.

അമേരിക്കയിൽ കഴിഞ്ഞ വർഷം ജയിലിൽ 42 വർഷം ശിക്ഷയനുഭവിച്ചിരുന്ന ഒരാൾ നിരപരാധിയാണെന്ന് തെളിഞ്ഞതിനാൽ ജയിൽ മോചിതനായ വിവരം പത്രങ്ങളിൽ വന്നിരുന്നു. സമർഥനായ വക്കീലിനെ വെച്ചും വൻസംഖ്യ ചെലവഴിച്ചും കേസിൽനിന്ന് രക്ഷപ്പെടാം. ഇങ്ങനെയൊക്കെ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത് നാം കാണുന്നു. അപ്പോൾ, യഥാർഥ കുറ്റവാളി കൃത്യമായി ശിക്ഷിക്കപ്പെടുന്നില്ല എന്നർഥം. എന്നാൽ, ന്യായമായ ശിക്ഷ ശരിക്കുള്ള പ്രതിക്ക് ലഭിക്കുന്ന സ്ഥലമാണ് പരലോകം. അന്യായമായി ശിക്ഷയോ പീഡനമോ അക്രമമോ അനുഭവിച്ചവന് അതിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതവിടെയാണ്.

ലക്ഷ്യം വേണമല്ലോ ജീവിതത്തിന്. ലക്ഷ്യം എന്ന വാക്ക് വളരെ അർഥവത്താണ്. പ്രവർത്തനത്തിനപ്പുറത്തുള്ളതായിരിക്കണം ലക്ഷ്യം. ഭക്ഷണം കഴിക്കുന്നതിന് ലക്ഷ്യമുണ്ട്. ശരീരത്തിന് ഊർജം ലഭിക്കാനും മറ്റും ഭക്ഷണം അനിവാര്യമാണ്. ഭക്ഷണം കഴിക്കുക എന്ന പ്രവർത്തനത്തിന്നപ്പുറത്താണ് ലക്ഷ്യം. യാത്ര ചെയ്യുന്നത്, യാത്രകഴിഞ്ഞ് അതിന്നപ്പുറത്തുള്ള ലക്ഷ്യത്തിലെത്താനാണ്. വീടുണ്ടാക്കുന്നത് വീടുണ്ടാക്കിക്കഴിഞ്ഞ്, അതിൽ താമസിക്കാനാണ്. ഏതു പ്രവർത്തനവും അങ്ങനെത്തന്നെയാണെന്ന് കാണാൻ പ്രയാസമില്ല.

**ലക്ഷ്യം വേണമല്ലോ ജീവിതത്തിന്. ലക്ഷ്യം എന്ന വാക്ക് വളരെ അർഥവത്താണ്. പ്രവർത്തനത്തിന്നപ്പുറത്തുള്ളതായിരിക്കണം ലക്ഷ്യം. ഭക്ഷണം കഴിക്കുന്നതിന് ലക്ഷ്യമുണ്ട്. ശരീരത്തിന് ഊർജം ലഭിക്കാനും മറ്റും ഭക്ഷണം അനിവാര്യമാണ്. ഭക്ഷണം കഴിക്കുക എന്ന പ്രവർത്തനത്തിന്നപ്പുറത്താണ് ലക്ഷ്യം. യാത്ര ചെയ്യുന്നത്, യാത്രകഴിഞ്ഞ് അതിന്നപ്പുറത്തുള്ള ലക്ഷ്യത്തിലെത്താനാണ്. വീടുണ്ടാക്കുന്നത് വീടുണ്ടാക്കിക്കഴിഞ്ഞ്, അതിൽ താമസിക്കാനാണ്. ഏതു പ്രവർത്തനവും അങ്ങനെത്തന്നെയാണെന്ന് കാണാൻ പ്രയാസമില്ല.**

അങ്ങനെ നോക്കുമ്പോൾ ജീവിതത്തിന്റെ ലക്ഷ്യമെന്താണ്? ഡോക്ടറോ എഞ്ചിനീയറോ ബിസിനസ്കാരനോ നേതാവോ ശാസ്ത്രജ്ഞനോ ആവാനാണോ? ഇതൊക്കെ ജീവിതത്തിനകത്തുള്ള കാര്യങ്ങളാണ്. എഡിസൻ ഇലക്ട്രിക് ബൾബ് കണ്ടുപിടിച്ചു. ഏറ്റവും മഹത്തായ കണ്ടുപിടുത്തം. മനുഷ്യർക്ക് മുഴുവൻ ഉപകാരപ്പെട്ട ഒരു കാര്യമാണത്. ഗാന്ധിജിയടക്കമുള്ള നേതാക്കൾ ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തന്നു. ഇത്തരത്തിലുള്ള ഏത് വലിയകാര്യവും ജീവിതത്തിനകത്തുള്ളവയാണ്. അപ്പോൾ ജീവിതത്തിന്റെ ലക്ഷ്യം ജീവിതത്തിനകത്തുള്ളതാകാൻ പറ്റില്ല. ജീവിതത്തിനപ്പുറത്തുള്ളതാകണം ലക്ഷ്യം. ജീവിതത്തിന്നപ്പുറത്ത്, മരണാനന്തരജീവിതത്തിലുള്ള സൗഖ്യമാണ് ലക്ഷ്യം. അവിടത്തെ കൊടിയദുഃഖം ഒഴിവാക്കലായിരിക്കണം ലക്ഷ്യമാകേണ്ടത്. മരിച്ച് മണ്ണോടുചേർന്ന മനുഷ്യനെ രണ്ടാമതും ജീവിപ്പിക്കും എന്നതെങ്ങനെ വിശ്വസിക്കും? അതിനുള്ള മറുപടി ക്വുർആൻ പറയുന്നതിന്റെ സാരമിങ്ങനെയാണ്:

ഒരിക്കൽ മനുഷ്യനെ സൃഷ്ടിച്ചു. വരണ്ടുണങ്ങിയ ഭൂമിയിൽനിന്ന് ചെടികൾ മുളച്ചുപൊന്തുന്നു. ഇതൊക്കെ യാഥാർഥ്യമാണെങ്കിൽ മനുഷ്യനെ രണ്ടാമതും സൃഷ്ടിക്കും. ഒരു കോശം ഒമ്പതു മാസം കൊണ്ട് വിവിധഘട്ടങ്ങളിലൂടെ രണ്ടായിരം കോടി കോശമായി, വളർച്ചയെത്തിയ ഒരു ശിശുവായി ഗർഭപാത്രത്തിൽനിന്ന് പുറത്തുവരുന്നു. മലർന്നുകിടന്ന്, ഇരുന്ന്, നിന്ന്, ഓടിക്കളിക്കുന്ന കുട്ടിയായി, കൗമാരപ്രായത്തിലെത്തി, യുവാവായി, മധ്യവയസ്കനായി, വൃദ്ധനായി ഒടുവിൽ മരണപ്പെടുന്നു. ഇതിലേതെങ്കിലും ഒരു ഘട്ടത്തെ നിയന്ത്രിക്കാനോ സ്വാധീനിച്ച് മാറ്റംവരുത്താനോ നിങ്ങൾക്ക് സാധ്യമാണോ?

തലച്ചോറിൽ പതിനായിരം കോടി നാഡീകോശങ്ങളുണ്ട്. ശ്വാസകോശത്തിൽ എൺപതിനായിരത്തിലധികം ശ്വസനികകളും അമ്പത്കോടിയിലധികം വായുഅറകളുമുണ്ടത്രെ. ഒരു വ്യക്തയിൽ എട്ടു മുതൽ പത്തുലക്ഷംവരെ നെഫ്രോണുകളുണ്ട്. നാവിൽ ഒമ്പതിനായിരം രുചിമുകുളങ്ങളുണ്ട്. ഇവയിലേതെങ്കിലും ഒന്നിനെ നിയന്ത്രിക്കാൻ നിനക്ക് കഴിയുമോ, മനുഷ്യാ? ഇല്ല, ഒരിക്കലുമില്ല. എങ്കിൽ മനസ്സിലുറപ്പിച്ചു കൊള്ളുക. ഇവയൊക്കെ സൃഷ്ടിച്ചു സംവിധാനിച്ച് നിയന്ത്രിക്കുന്നവന് ഒരിക്കൽകൂടി മനുഷ്യരെ സൃഷ്ടിക്കൽ പ്രയാസമുള്ള കാര്യമല്ല.

അങ്ങനെ അല്ലാഹു രണ്ടാമതും സൃഷ്ടിച്ച് കർമങ്ങളെ കൃത്യമായി, നീതിയോടെ പരിശോധിച്ച് രക്ഷയോ ശിക്ഷയോ നൽകും. ഒരു സംശയവും വേണ്ട. ■



കാഴ്ച

# ചേർത്തുപിടിക്കുന്നതിലെ സുരക്ഷിതത്വം

ഇബ്നു അലി എടത്തനാട്ടുകര

✆ : 94461 51577

കൈകൾ കോർത്തുപിടിച്ച് നടക്കുന്നത് കാണാൻ നല്ല ചേലാണ്. അവർ തമ്മിലുള്ള രസതന്ത്രം കാഴ്ചക്കാർക്ക് പെട്ടെന്ന് പിടികിട്ടും. ചെറിയ ക്ലാസ്സുകളിലേക്ക്, തന്നെക്കാൾ പ്രായം കുറഞ്ഞ കുട്ടികളെ കൈപിടിച്ച് കൊണ്ടുപോകുന്ന എൽ.പി സ്കൂളിലെ കുട്ടികളെ കാണാറുണ്ട്. മുതിർന്ന ഒരാളുടെ ഉത്തരവാദിത്തത്തോടെയാണ് കരുതലോടെയുള്ള ആ കോർത്തുപിടിക്കൽ. ചില കുരുന്നുകളെ ഓരോ കൈയും ഓരോരുത്തർ അരുമയോടെ പിടിച്ച് കൊണ്ടുപോകുന്നതും ആ കുരുന്നുകൾ അത് ആസ്വദിക്കുന്നതും രസകരമായ കാഴ്ചയാണ്. അനിയനോ അനിയത്തിയോ, അയൽപക്കത്തെ 'ശ്രദ്ധിക്കണം' എന്ന് പ്രത്യേകം ചുമതലപ്പെടുത്തിയ കുട്ടിയോ മറ്റോ ആകാം ഒപ്പമുള്ളത്.

റോഡിലൂടെ കൂടെ നടന്നുപോകുന്ന ചെറിയ മക്കളുടെ കൈ ബലമായി പിടിക്കുന്ന മാതാക്കളുടെ ശ്രദ്ധ എപ്പോഴും കാണാം. അശ്രദ്ധമായി, പലതും കണ്ടും ചോദിച്ചും നീങ്ങുന്ന കുട്ടികൾ എങ്ങാനും കൈവിട്ടു പോയി അപകടം ഉണ്ടാകാതിരിക്കാനുള്ള ജാഗ്രത സദാ അവരിൽ കാണാം. കുറച്ച് മുതിർന്ന ആൺകുട്ടികൾ ആണെങ്കിൽ പരസ്പരം കൈകൾ ചേർത്തുപിടിക്കുന്നതിനെക്കാൾ തോളിൽ പിടിച്ചുള്ള നടപ്പാണ് കൂടുതൽ കാണാറ്. കൂട്ടുകാരന്റെ ചുമലിൽ തന്റെ ഭാരംകൂടി ചെലുത്തി ഉച്ചത്തിൽ പറഞ്ഞും കളിയാക്കിയുമുള്ള നടപ്പ് കാണുമ്പോൾ കാണുന്നവർക്ക് പോലും ആ ഊർജം പകർന്നുകിട്ടും.

പെൺകുട്ടികൾ വിരലുകൾ ചേർത്ത് സൗഹൃദത്തിന്റെ ബന്ധനം തീർത്ത് സംസാരത്തിൽ മുഴുകി അങ്ങനെ നടന്നുനീങ്ങും. റോഡിലൂടെയാണ് അലസസഞ്ചാരം എന്നുപോലും ഓർക്കാതെ പരന്ന് നിറഞ്ഞു നടക്കും. സ്കൂൾ തുടങ്ങുന്ന നേരവും വിടുന്ന നേരവും പാതയിലൂടെയുള്ള ഈ സ്വയം മറന്നുള്ള പ്രയാണം വാഹനമോടിക്കുന്നവർക്ക് പ്രയാസം ഉണ്ടാക്കാറുണ്ട് എന്നത് വെറും വർത്തമാനമല്ല.

മാതാവിനെക്കാൾ വലുപ്പം വെച്ചാലും പെൺമക്കൾ അവരുടെ കൈകൾ ചുമ്മാ ചേർത്തുപിടിച്ച് സുരക്ഷയനുഭവിക്കുന്ന കാഴ്ച മാതൃത്വത്തോട് ചേർന്നുനിൽക്കാനുള്ള വെമ്പൽ കാണിക്കുന്നു. എന്നാൽ മാതാക്കളും അതിൽ ഒരു സുരക്ഷ അനുഭവിക്കുന്നുണ്ട് എന്ന് തോന്നും. പിതാക്കളുടെ കൂടെ മുതിർന്ന ആൺമക്കൾ ഇത്തിരി അകലം പാലിച്ചാണ് നടക്കാറെങ്കിലും ഗൗരവമായ കാര്യങ്ങൾ ചർച്ച ചെയ്യുന്ന പോലെ കാണാറുണ്ട്. എന്നാൽ പെൺകുട്ടികളാകട്ടെ ബലമായി പിതാവിന്റെ കൈകളുടെ മേൽഭാഗത്ത് പിടിച്ചു നടക്കുന്നതാണ് കാണാറ്. പിതാക്കൾ തിരിച്ചും ശ്രദ്ധിക്കും.

പ്രായമായ മാതാപിതാക്കളാണെങ്കിൽ മക്കൾ തികച്ചും ഉത്തരവാദിത്തമുള്ള മുതിർന്നവരായി - ചെറിയ കുട്ടികൾ ആണെങ്കിൽ പോലും- മാറാറുണ്ട്. റോഡ് മുറിച്ചുകടക്കാനും വാഹനത്തിൽ കേറ്റാനും ഒക്കെ അവർ കാണിക്കുന്ന സൂക്ഷ്മത ശ്രദ്ധേയമാണ്. നവ വധൂവരന്മാരാണെങ്കിൽ പിന്നെ പറയാനുമില്ല. കൈകോർക്കലിനപ്പുറം അപരനിലേക്ക് ചാഞ്ഞ്, ചേർന്ന് സ്ഥലകാലബോധം പോലും ഇല്ലാതെ നടക്കുന്നത് അവരുടെ സ്നേഹബന്ധമല്ലാതെ മറ്റൊന്നുമല്ല ഓർമിപ്പിക്കുന്നത്.

ചേർത്തുപിടിക്കാൻ ഒരാൾ ഉണ്ടാവുക എന്നത് ഒരാശ്വാസമാണ്, അതിനപ്പുറം ഭാഗ്യം കൂടിയാണ്, പ്രത്യേകിച്ച് പ്രയാസഘട്ടങ്ങളിൽ. മനസ്സുകൊണ്ട് ചേർത്തുപിടിക്കുന്ന ഒരാളോട് സങ്കടങ്ങൾ തുറന്നുപറയുമ്പോൾ കണ്ണ് നിറയും, എന്നാൽ അത് ദുഃഖത്തെ ഒരുപാട് ലഘൂകരിക്കും. പങ്കുവയ്ക്കുമ്പോഴാകട്ടെ, സന്തോഷത്തിന്റെ അളവ് കൂടുന്നതായിട്ടാണ് കാണാറുള്ളത്.

അപ്പോൾ, എല്ലാ ആവശ്യങ്ങളും തുറന്നു പറയാൻ, എന്തും ആവശ്യപ്പെടാൻ, യാചിച്ചു മടങ്ങാൻ, ഭരമേൽപിക്കാൻ സർവശക്തനായ ഒരു സ്രഷ്ടാവ് സദാ നമ്മുടെ കൂടെയുണ്ട് എന്ന ചിന്ത എത്രമേൽ ആശ്വാസവും സന്തോഷദായകവുമാണ്! ■

കവിത



# നോമ്പടുക്കുമ്പോൾ...

ബഹിയ

നോമ്പടുത്താൽ
ആമിൻത്താക്കെന്നും
തെരക്കോടു തെരക്കാത്രെ!
നിത്യേന ഓരോ പെരേലായി
നോമ്പിന്റെ വൃത്ത്യാക്കൽ,
തൊടിയും മുറ്റവും
തൂത്തുവെടിപ്പാക്കൽ,
അരീം മൊളകും
മല്ലീം പൊടിപ്പിക്കൽ,
തേങ്ങവറുത്ത്
ഇടിച്ചു കുപ്പീലാക്കൽ...
പള്ളികളും
കഴുകീം തൊടച്ചും
പെയിന്റടിച്ചും
ടൈലിട്ടും
സുന്ദരമാക്കി.
തറാവീഹിന്
ട്രെയിനേറിയ
സാഹോദര്യം
പരിഹസിക്കപ്പെടാതെ
നേതാക്കളായി...
നോമ്പുതുറ കാത്ത്
വത്തക്കകൾ
വെയിലേറ്റു കിടന്നു.
പക്ഷേ,
അലമാരയിലിപ്പോഴും
ചില മുസ്ഹഫുകൾ
പൊടിപിടിച്ച്....
മറക്കരുത്!
അലക്കി വെളുപ്പിച്ച്
കഞ്ഞിമുക്കേണ്ടത്
നിറം മങ്ങിയ
നമസ്കാരങ്ങളെ...
പെയിന്റടിച്ച്
വെടിപ്പാക്കേണ്ടത്
തുരുമ്പെടുത്ത്
വക്കു ദ്രവിച്ച
ബന്ധങ്ങളെ...
തൂത്തുകളയേണ്ടത്
വെറുപ്പിന്റെയും
വിദ്വേഷത്തിന്റെയും
മാറാലകളെ...
പിന്നെ,
സ്നേഹം തളിച്ച്
തൗബകൊണ്ട് കഴുകിയ
ഹൃദയത്തിലേക്കാണ്
നോമ്പിനെ
വരവേൽക്കാൻ
കരുണയാൽ
ഒരുങ്ങേണ്ടത്....
ഒടുവിൽ
പെറ്റുവീണ
കുഞ്ഞുപോൽ
കളങ്കമറ്റ
മനസ്സാലാണ്
പെരുന്നാളൊരുക്കേണ്ടത്...
■

WISDOM
ISLAMIC ORGANIZATION

## നോമ്പ് തുറപ്പിക്കുക പുണ്യം നേടുക

# ഇഫ്ത്വാർ കിറ്റ



**DONATE US**

**Wisdom Islamic Organisation**
**Account No: 920010022468211**
**Axis Bank, Kallai Road Branch**
**IFSC UTIB0001908**

SCAN AND PAY

**ഒരു കുടുംബത്തിന്**

**₹1500**

**താങ്കൾക്കും ഈ മഹത് സംരംഭത്തിൽ പങ്കാളിയാകാം**

**9567070031**
**9947520597**
**8606000750**
**7907182956**

Relief
.......without boundaries

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 APRIL 09

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

വിശുദ്ധ ഖുർആൻ മാനവർക്ക് മാർഗദീപം

WISDOM students

# 26-ാമത് ക്വുർആൻ വിജ്ഞാന പരീക്ഷ



2022 ഏപ്രിൽ 17 ഞായർ

## സിലബസ്

**സൂറ : അൽ മുഅ്മിനൂൻ** (അദ്ധ്യായം 23)

**സൂറ : അന്നൂർ** (അദ്ധ്യായം 24)

മുഹമ്മദ് അമാനി മൗലവിയുടെ ഖുർആൻ വിവരണം

ജേതാക്കൾക്ക് ആകർഷകമായ സമ്മാനങ്ങൾ

Scan QR Code For Registration

qvp.wisdomislam.org

പഠന ക്ലാസ്സുകൾക്ക് സന്ദർശിക്കുക..

WisdomGlobalTV

81568 12292

CV Complex, PV Swami Road, Kozhikode
wisdomstudents wisdomglobaltv

peaceradio